# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി10/ 73 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി10/ 73 /2022 തീയ്യതി: 04/03/2022

## തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-10-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 48 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ .ആർ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ശ്രീദേവി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയലക്ഷ്മി.ബി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർ രാജ് എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അസീനാ ബീവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.കെ.സുരേഷ്. | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.സജി.വി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 16-07-2019 |
| ശ്രീ.സന്തോഷ്കുമാർ.റ്റി | സെക്രട്ടറി | 17-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.യമുന.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.നിജു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ.ഡി | വി.ഇ.ഒ 1 | 01-04-2019 | 04-03-2020 |
| ശ്രീ.രാജേഷ്.ആർ | വി.ഇ.ഒ 1 | 05-03-2020 | 31-03-2020 |
| ശ്രീ.ഹരികുമാർ | വി.ഇ.ഒ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി.വിജയകുമാരി | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീമതി.രജനി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.സജി.വി.എൻ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ബൈജു.കെ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ബീന എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.മരിയ എം ബോബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-5-1 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-5-2 |
| 8 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 15-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prathap Kumar R (Audit Officer (HG), On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-9 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-10-1 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | 1-10-2 |
| 14 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-11 |
| 15 | വസ്തു നികുതി -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | 1-12 |
| 16 | എസ്.എൽ.ഐ പോളിസി അംഗത്വം എടുത്തിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-13 |
| 17 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 28-02-2022) | 1-14 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | |
| 18 | ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-14-1 |
| 19 | സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | 1-14-2 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പൊതുവായ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-14-3 |
| 21 | അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-14-4 |
| 22 | വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-15 |
| 23 | പൗൾട്രി ഫാമുകൾക്കുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-16 |
| 24 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-17 |
| 25 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-18 |
| 26 | ലേലം-നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-19 |
| 27 | പട്ടികജാതി/പട്ടികവർഗ്ഗ മേഖലാ പ്രോജക്ടുകൾ- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 15-01-2022) | 1-20 |
| 28 | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - സി.പി.ആർ.സി.എസ്. നിരക്കിനേക്കാൾ കൂടിയനിരക്കിൽ വാങ്ങി<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-20-1 |
| 29 | കട്ടിൽ വാങ്ങിനൽകൽ- ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-20-2 |
| 30 | മറ്റ് സ്രോതസ്സുകളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പാക്കാതെ ആനുകൂല്യം നൽകി<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-20-3 |
| 31 | ഗാർഹികകുടിവെള്ള കണക്ഷൻ- മുൻവർഷങ്ങളിൽ കണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-20-4 |
| 32 | ആസ്തി കയ്യേറ്റം- തുടർനടപടി കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-21 |
| 33 | നടപ്പാത ഇന്റർലോക്കിംഗ് - IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-22 |
| 34 | ലൈഫ്ഭവന പദ്ധതി ഹോളോബ്രിക്ക് യൂണിറ്റ് - നിഷ്ക്രിയ ആസ്തി<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021) | 1-23 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | |
| 35 | എ.ഇ. ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം- ലോഗ്ബുക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-24 |
| 36 | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-25 |
| 37 | മരാമത്ത് പ്രവൃത്തി- കരാറുകാരിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 27-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-26 |
| 38 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | 1-27 |
| 39 | ജാഗ്രത സമിതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-28 |
| 40 | ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം - സബ്സിഡി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-29 |
| 41 | നായ വന്ധ്യംകരണം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 1,51,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-30 |
| 42 | ലൈഫ് ഭവനപദ്ധതി - നിരാക്ഷേപ പത്രം സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിച്ചു<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-31 |
| 43 | കക്കൂസ് അറ്റകുറ്റ പണി ധനസഹായം നൽകൽ (ബി.പി.എൽ.) കുടുംബങ്ങൾക്ക് - തുക പൂർണ്ണമായി വിനിയോഗിച്ചില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-32 |
| 44 | ലൈഫ് ഭവനപദ്ധതി - രജിസ്റ്റർ കാലികമാക്കിയില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-02-2022) | 1-33 |
| 45 | ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ കാല താമസം<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-34 |
| 46 | ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും ഔഷധം വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-35 |
| 47 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും മരുന്നുകൾ വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-36 |
| 48 | കറവപ്പശുവിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-37 |
| 49 | കറവപ്പശുവിതരണം (ജനറൽ)- കരാർ ലംഘനം<br>Written By: Anwar Raj.M (Senior Grade Auditor, On 28-12-2021) | 1-38 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | |
| 50 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-39 |
| 51 | അങ്കണവാടി അനുപൂരക പോഷകാഹാരം സ്റ്റോക്കിലുള്ള പൊരുത്തക്കേടുകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-40 |
| 52 | പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-41 |
| 53 | ഹരിതഭവനം പ്രോജക്ട് - തുക ക്രെഡിറ്റ് ചെയ്തത് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കല്ല - 5350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-42 |
| 54 | ലഭ്യമാക്കിയിരിക്കുന്ന വസ്തുവിന്റെ കരം അടച്ച രസീത് ഗുണഭോക്താവിന്റെ പേരിലുള്ളതല്ല<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 1-43 |
| 55 | നേന്ത്രവാഴതൈ വിതരണം പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-02-2022) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 26-12-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 04-03-2022) | |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Zeena K (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-02-2022) | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

14.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിച്ചു.

11.03.2020 ലെ 3 ( 1-ാം) നമ്പർ തീരുമാന പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് പുതുക്കിയിരിക്കുന്നു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പടെ 397031897/-രൂപയും പ്രതീക്ഷിത ചെലവ് 388729413/- രൂപയുമാണ്.

ബജറ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു .

കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചുവെങ്കിലും പ്രസ്തുത ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കൂടുതലായും ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Code No | Item | AFS പ്രകാരം |
|---|---|---|
| 250100201 | Agricultural And Related Sector -Other Crops | 4,27,000/- |
| 250103901 | Animal Husbandry-Infrastructure-General | 3,50,000/- |
| 250104101 | Animal Husbandry-Related Facility-General | 1,51,200/- |
| 251200101 | PHC,CHC &Other Hospitals /Dispensaries | 9,101/- |
| 251202601 | Sanitation &Waste Management -Public-General | 5,30,594/- |
| 251420201 | Anganwadi Related Services-General | 5,197,11/- |
| 251600801 | General Economic Service-Other Plan Expenditure-General | 10,264/- |
| 251630101 | Electricity Line Extension- General | 1,08,113/- |
| 252200101 | Roads- General | 20,45,005/- |

2. ബജറ്റിൽ വകയിരുത്ത ിയതിനെക്കാളും അധികം ചെലവ് ചെയ്തിരിക്കുന്നു.

| Code No | Item | AFS പ്രകാരം | Revised Budget പ്രകാരം |
|---|---|---|---|
| 250300101 | Small Scale Industries &Micro Enterprises | 4,04,852/- | 4,00,000/- |
| 251100701 | Sports | 1,31,670/- | 1,20,000/- |
| 251200401 | Medicines-General | 4,99,999/- | 2,50,000/- |
| 252100101 | Energy-Electrification Of Street Lights | 17,64,132/- | 8,08,763/- |
| 252201201 | Other Programs In Infrastructure Sector-General | 4,57,151/- | 4,00,000/- |
| 220610101 & | Membership Of KREWS &Other Subscriptions | 16,440/- | 5,000/- |

| | | | |
|---|---|---|---|
| 220610199 | | | |
| 255201699 | Maintenance Projects-Non Road Assets -Others | 2,72,844/- | 1,50,000/- |
| 255200803 | Maintenance Projects-Non Road Assets-Homeopathy | 2,50,000/- | 2,00,000/- |
| 255200703 | Maintenance Projects-Non Road Assets-Ayurveda | 10,00,000/- | 4,00,000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/2020 നുള്ള മറുപടിയിൽ ഹെഡുകൾ മാറിയാണ് റിവിഷൻ നടത്തിയതെന്നും 2020 മാർച്ച് 31 ന മുമ്പ് റിവിഷൻ നടത്തിയതിനാലാണ് ബജറ്റിൽ വകയിരുത്തിയതിനെക്കാളും അധികം ചെലവ് നടന്നിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോഴും റിവിഷൻ നടത്തുമ്പോഴും ഹെഡുകളുടെ നിർണയം കൃത്യമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത്‌രാജ് ആക്ട് നിർദ്ദേശിക്കുന്ന നിബന്ധനകൾ പാലിക്കുവാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. ബജറ്റ് ഫയൽ ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 214 പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിയ്ക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

പ്രസ്തുത നടപടി പഞ്ചായത്തിൽ നടന്നുവോയെന്ന പരിശോധിക്കുന്നതിനായി ഫയൽ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/20 (3) ന മറുപടി ഹാജരാക്കിയിട്ടില്ല.

അതിനാൽ ബജറ്റ് തയ്യാറാക്കിയതിലെ ആധികാരികത പരിശോധിക്കുവാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല.

ഭാവിയിൽ ബജറ്റ് ഫയൽ തയ്യാറാക്കുന്നതിലും അത് ഓഡിറ്റിനു പരിശോധനയ്ക്ക് നൽകുന്നതിലും സെക്ഷനും സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത്‌രാജ് ആക്ട് നിർദ്ദേശിക്കുന്ന നിബന്ധങ്ങൾ പാലിക്കുവാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 22.06.2020 |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

B. അടിസ്ഥാന അനുപാതകങ്ങൾ

2. കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

3. 2018-19 ലെ B-5 പ്രകാരം Secured Loans From Co-operative Banks 1231785/- രൂപയാണ് അടവാക്കുവാൻ അവശേഷിക്കുന്ന തുക എന്നാൽ 2019-20 ലെ RP 32 പ്രകാരം 1231875/- രൂപയാണ് അടവാക്കിയിരക്കുന്നത്.

4.വസ്തു നികുതി

| Item | 2018-19 (B -15) Current &Arrear | RP 43 (2019-20) (Arrear Collection) | 2019-20 (B -15) (Arrear Balance) |
|---|---|---|---|
| Property Tax - Residential Buildings | 238220 | 189581 | 18777 |
| Property Tax - Non Residential Buildings | 180186 | 66814 | 103819 |

Arrear Demand, Collection, Balanceഎന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2020 ന ക്രമ നം 1,2 എന്നിവയ്ക്ക് മാത്രമാണ് മറുപടി

ലഭ്യമാക്കിയിരിക്കുന്നത്. ഭാവിയിൽ വാർഷിക ധനകാര്യപത്രിക സമർപ്പിക്കുമ്പോൾ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

5. Property Tax On Residential Buildings And Non Residential Buildings ന്റെ Balance-ൽ വ്യത്യാസം വന്നിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Item | Demand (I--1) | Collection(RP-43) | Balance (B-15) |
|---|---|---|---|
| Property Tax On Residential Buildings | 1162548/- | 1119723/- | 11328/- |
| Property Tax On Non Residential Buildings | 745938 | 673265 | 39351/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020 നുള്ള മറുപടിയിൽ സോഫ്റ്റ്‌വെയറിന്റെ അപാകതയാണെന്നും ആയതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

6. 22.10.2019 ലെ 11/1-ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം MNERGS Account Zero Balance ആക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷൻ ഡയറക്ടറുടെ 11/10/2019 ലെ 10/MGNREGS Fin/2019-20/PFMS പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൌണ്ട് സീറോ ബാലൻസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു. ഇതിന്മേൽ സെക്രട്ടറി സ്വീകരിച്ച നടപടിയെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020-നുള്ള മറുപടിയിൽ അത്തരത്തിൽ അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ലായെന്നും നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാമെന്നും അറിയിച്ചിരിക്കുന്നു.

സെക്രട്ടറി കൂടി പങ്കെടുത്ത പഞ്ചായത്ത് കമ്മിറ്റി മിനുട്സിൽ പരാമർശിച്ച വിഷയം സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള മറുപടി വസ്തുതാ വിരുദ്ധവും ഓഡിറ്റിനെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുമുള്ളതാണ്.

7.2019-20 സാമ്പത്തിക വർഷത്തെ വരവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയും സ്ഥാപനം ഹാജരാക്കിയ രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവയുടെ തുകകൾ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 30/2020 നുള്ള മറുപടി സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാർഷിക ധനകാര്യ പത്രികപ്രകാരം | രജിസ്റ്റർ പ്രകാരം | ലഭ്യമാക്കിയ വിശദീകരണം |
|---|---|---|---|---|
| 1 | Registration From Pvt Hospitals & Paramedical Institutions | 450/- (RP-4) | 350/- | രണ്ടു സ്ഥാപനങ്ങളിലെ തുക രേഖപ്പെടുത്തുവാൻ വിട്ടു പോയതിനാലാണ് വ്യത്യാസം വന്നിരിക്കുന്നത്. |
| 2 | License Fee For Domestic Dogs &Pigs | 10/-(RP-4) | 20/- | ഹെഡ് മാറി പോസ്റ്റ് ചെയ്തതിനാലാണ് വ്യത്യാസം വന്നിരിക്കുന്നത്. |
| 3 | Institutions/Professionals /traders -Profession Tax | 119990/- (RP-43) | രേഖപ്പെടുത്തിയിട്ടില്ല. | ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി. |

8.സംയുക്ത പദ്ധതികളുടെയും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ ചെലവഴിക്കാത്ത തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് നം | ഫണ്ട് വിവരം | തുക |
|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme-ICDS | 968284 |
| 2 | 320200207 | Funds For Transferred Institutions-Ayurveda | 52350 |
| 3 | 320200309 | Literacy Scheme Grant | 33145 |
| 4 | 320200322 | Grants From Suchitwa Mission | 1719109 |
| 5 | 320300199 | Grants,Funds &Contributions For Specific Purpose -Other Gov Agencies | 299913 |

| | | | |
|---|---|---|---|
| 6 | 320700204 | Contributions For Joint Venture Projects-Block Panchayats | 1487474 |
| 7 | 320700205 | Contributions For Joint Venture Projects-District Panchayats | 59622 |
| 8 | 320800101 | Beneficiary Contribution | 2702 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/20 നുള്ള മറുപടിയിൽ സംയുക്ത പ്രോജക്ടുകൾക്കായും, മറ്റ് ഏജൻസികളിൽ നിന്നുമുള്ള ഫണ്ട് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് ലഭിച്ചതെന്നും തുക പൂർണമായി ചെലവഴിക്കുവാൻ നടപ്പ് സാമ്പത്തിക വർഷത്തിൽ സാധിക്കാറില്ലായെന്നും, 2020-21 സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെന്നും, ചെലവാകാത്ത തുകകൾ പൂർണ്ണമായും തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചിരിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | കൃ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11257595 | 11257595 | 11120073 | 137500 | 22 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8944412 | 8944412 | 5862387 | 1322536 | 1759489 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 263294 | 263294 | 134612 | 82500 | 46182 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 12137992 | 12137992 | 5573881 | 4182361 | 2381750 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11918000 | 11918000 | 4839007 | 1680310 | 5398683 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4544000 | 4544000 | 4032436 | 387305 | 124259 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | | |
| സാക്ഷരത മിഷൻ ഗ്രാന്റ് | 32042.55 | 1103 | 33145.55 | 0 | 33145.55 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1754522 | 1090197 | 2844719 | 1125610 | 1719109 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | | |
| NREGA | 28482 | 983714 | 1012196 | 995736 | 16460 | |
| ICDS | 576615 | 891669 | 1468284 | 500000 | 968284 | |

പ്ലാൻ ഫണ്ട് സാധാരണ വിഹിതമിനത്തിൽ 1805693/-രൂപയും, ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 2381750/-രൂപയും, സംരക്ഷണ ഗ്രാന്റിനത്തിൽ 5522942/-രൂപയുമുൾപ്പടെ 9710385/- രൂപയാണ് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിനു ലാപ്സായ തുക.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 266803371 | 113 | 60733095 | - | 75 | 60% |

വിവിധ നിർവഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| കൃഷി ഓഫീസർ | 21682285 | 632129 | 2.9% |
| വെറ്ററിനറി സർജൻ | 5608700 | 2137200 | 38.11% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1536427 | 1043898 | 67.94% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1110000 | 1070400 | 96.43% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | 19806840 | 3855960 | 19.47% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 186863215 | 27862506 | 14.91% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4342286 | 3636592 | 83.75% |
| സെക്രട്ടറി | 6967281 | 5346528 | 76.74% |
| ഹെഡ്മാസ്റ്റർ | 186863215 | 27862506 | 14.91% |
| അസി.എഞ്ചിനീയർ | 33883985 | 12754882 | 37.64% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1162000 | 382853 | 32.95% |
| അസി.സെക്രട്ടറി | 1999402 | 1196097 | 59.82% |

മേഖല ചെലവ് ശതമാനത്തിൽ കുറവ്

2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയ ചുവടെ ചേർക്കുന്ന മേഖലകൾക്ക് പദ്ധതി മാർഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം വകയിരുത്തി ചെലവാക്കേണ്ടതിൽ ചെലവ് ശതമാനം കുറവായി കാണുന്നു.

| ഫണ്ടിനം | മേഖല | അടങ്കൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | ഉല്പാദനം | 4561660 | 2104087 | 46% |
| ധനകാര്യകമ്മീഷൻ അവാർഡ് (പൊതു വിഭാഗം) | പശ്ചാത്തലം | 11420720 | 4728984 | 41% |
| വികസന ഫണ്ട് (എസ്.സി.പി) | ഉല്പാദനം | 928250 | 210250 | 22% |
| വികസന ഫണ്ട് (എസ്.സി.പി) | സേവനം | 8270000 | 4796865 | 58% |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | പശ്ചാത്തലം | 1950000 | 855272 | 43% |
| വികസന ഫണ്ട് (റ്റി.എസ്.പി) | പശ്ചാത്തലം | 82500 | 0 | 0% |

കോവിഡ് വ്യാപനം മൂലമാണ് ചെലവ് ശതമാനത്തിൽ കുറവ് വന്നതെന്ന വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.11/2020-ന്റെ മറുപടി).

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 377520 | 267 |
| കർഷകതൊഴിലാളി പെൻഷൻ | 2502000 | 384 |
| വിധവാ പെൻഷൻ | 7005600 | 1267 |
| വാർദ്ധക്യകാല പെൻഷൻ | 12726600 | 2423 |
| വികലാംഗ പെൻഷൻ | 1630600 | 316 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 02 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 139200 | 25 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|
| 102490200412 | വാർദ്ധക്യകാലം | 10.02.19 | സസ്പെൻഡ് | 03/19 മുതൽ 04/19 വരെ |
| 102490600114 | വാർദ്ധക്യകാലം | 10.12.18 | സസ്പെൻഡ് | 01/19 മുതൽ 07/19 വരെ |
| 102490200111 | വാർദ്ധക്യകാലം | 06.05.19 | സസ്പെൻഡ് | 06/19 മുതൽ 07/19 വരെ |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളെ നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും അതിനു മുൻപായി തന്നെ മരണശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക നിക്ഷേപിച്ചിട്ടുണ്ട്. ആയത് പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണ റിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.58/22.12.21ന് മറുപടിയായി ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിൽ ക്രെഡിറ്റായ തുകകൾ തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണ റിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | 102490100209 | കർഷക തൊഴിലാളി | 20.08.19 | ആക്ടീവ് |
| 2 | 102490201877 | വാർദ്ധക്യകാലം | 08.09.19 | ആക്ടീവ് |
| 3 | 102490100296 | കർഷകതൊഴിലാളി | 12.09.19 | ആക്ടീവ് |
| 4 | 102490201419 | വാർദ്ധക്യകാലം | 22.09.19 | ആക്ടീവ് |
| 5 | 102490201770 | വാർദ്ധക്യകാലം | 26.05.19 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.58/22.12.21ന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരെ എത്രയും പെട്ടെന്ന് പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 15.12.2021 ന് രാവിലെ 11:45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,690/-രൂപയുടെ പണം നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതിനായി താഴെ പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

1. നികുതി നികുതിയേതര തനതു വരുമാനങ്ങളുടെ ശേഖരണത്തിന്റെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടേണ്ടതുണ്ട്.

തനതു ഫണ്ട് വരവ്:- തനതു ഫണ്ട് വരവിനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ചകൾ സംഭവിച്ചതായി കാണുന്നു. ഓഡിറ്റ് വർഷത്തിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ എന്നിവ ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ച്ച സംഭവിച്ചതായി കാണുന്നു.

2. ലേല നടപടിക്രമങ്ങൾ, വിവിധ ലൈസൻസുകൾ നൽകുന്നതിന്റെ നടപടിക്രമങ്ങൾ എന്നിവ കൃത്യമായും പാലിക്കേണ്ടതുണ്ട്.

3. ആസ്തി സംരക്ഷണ നടപടിക്രമങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട്.

പദ്ധതി ചെലവ് :- 2019-20 വർഷത്തിൽ ആകെ പദ്ധതി അടങ്കലിന്റെ 22.76% മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ഇതു പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് വെളിവാക്കുന്നത്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 1.4 കാണുക).

സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതക ൾ :- ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ട വ്യക്തികൾക്കും സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. ഇതു ഗുരുതരമായ പിശകായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല ഇത്തരം പിശകുകൾക്ക് സ.ഉ(എം.എസ്)67/2020/ധന.തീയതി 05.11.2020 ലെ നിർദ്ദേശ പ്രകാരം സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്. ( വിശദാംശങ്ങൾക്ക് ഖണ്ഡിക 1.5 കാണുക)

രജിസ്റ്ററുകളുടെയും റിക്കോഡുകളുടെയും സൂക്ഷിപ്പ് :-രജിസ്റ്ററുകളുടെയും റിക്കോഡുകളുടെയും സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണെങ്കിലും, വെള്ളക്കരം വൈദ്യുതി ചാർജ്ജ് എന്നിവയുടെ ഡിമാന്റ് , ഒടുക്ക് എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28482 | 983714 | 1012196 | 995736 | 16460 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28744000 | 28744000 | 28744000 | 0 |
| ആകെ | 28482/- | 29727714/- | 29756196/- | 29739736/- | 16460/- |

A. തൊഴിലുറപ്പ് പദ്ധതി - ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

1. എം.എൻ.ആർ.ഇ.ജി.എസ് ക്യാഷ്ബുക്കിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2. ടെണ്ടർ ക്ഷണിച്ച് മെറ്റീരിയൽ വാങ്ങി നടപ്പാക്കിയ പ്രവൃത്തി ഫയലിൽ മെറ്റീരിയലിന്റെ ബില്ല് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഉപയോഗിച്ച മെറ്റീരിയലിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. കൂടാതെ മെറ്റീരിയലിന്റെ സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

ടെണ്ടർ ക്ഷണിച്ച് മെറ്റീരിയൽ വാങ്ങിയ പ്രവൃത്തിയുടെ ബിൽ ഫയലിൽ സൂക്ഷിച്ചത് കരാറുകാരൻ ജി.എസ്.ടി സമർപ്പിക്കാനായി തിരികെ വാങ്ങിയെന്നും, കോപ്പി സൂക്ഷിക്കാൻ കഴിഞ്ഞില്ലായെന്നുമാണ് വിശദീകരണം നൽകിയത്.

3. 2019-20 സാമ്പത്തിക വർഷം മൂന്ന് പ്രവൃത്തികളിലായി 102368/- രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ ഭൂവസ്ത്രത്തിന്റെ മുൻബാക്കി, നീക്കിയിരിപ്പ് എന്നിവ പരിശാധിക്കാൻ സാധിച്ചില്ല.

ഇനിമുതൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാമെന്ന് അപാകതയ്ക്ക് വിശദീകരണം നൽകുകയുണ്ടായി.

B. കരാറുകാരനിൽ നിന്നും ടി.ഡി.എസ്. ഈടാക്കേണ്ടതാണ്.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ 2019-20ൽ ചെലവ് വന്ന മെറ്റീരിയൽ പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും ടി.ഡി.എസ് തുക കുറവ് ചെയ്ത് അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് - വെള്ളംകുടി പുളിക്കോട്ട്കുഴി റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ - ശ്രീ.ജഗന്നാഥപിള്ള

സാധനസാമഗ്രികൾക്ക് കരാറുകാരന് നൽകിയ തുക - 294965/-

ഈടാക്കേണ്ടിയിരുന്ന ടി.ഡി.എസ് - 5899/-

കരാറുകാരനിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി.ഡി.എസ് ഈടാക്കി അടവാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2021 മുതൽ 18.11.2021 വരെ | 01/2021-07/2021 | ലഭ്യമല്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 9.11.2018 മുതൽ 21.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 22.12.2018 |

## 1-10-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും വാർഷിക കണക്ക്, ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2019-20 വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിവരവും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.07/16.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യത്തിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10-2 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205 പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി 2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | റീജിയണൽ എ.ഐ. സെന്റർ, കുനൻവേങ്ങ |
| 2 | പേരുമല ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 3 | ചുള്ളാളം ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 4 | തെള്ളിക്കച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 5 | പാലാംകോണം ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 6 | മുക്കുടിൽ ക്ഷീരസംഘം |

2. 2019-20 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ച, ചുവടെ പറയുന്ന വ്യാപാരസ്ഥാപനത്തിലെ ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| റോക്കി സ്റ്റാർ എന്റർപ്രൈസസ് | 7 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.57/22.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ച നൽകുകയോ അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/16.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 16 റേഷൻ കടകൾ പ്രവർത്തിക്കുന്നതായും അവ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2020-21 മുതൽ ലൈസൻസിലേയ്ക്കും തൊഴിൽ നികുതിയിലേയ്ക്കും റേഷൻ കടകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി -അപാകതകൾ

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വസ്തു നികുതി -മേഖല നിർണ്ണയം -അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ്

നികുതി ഇളവ് അനുവദിക്കേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുടെ മേഖല നിർണയത്തിന്റെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. കുറ്റിമൂട് വാർഡ് പരിശോധിച്ചതിൽ കണ്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ മേൽവിലാസം | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|
| 15/18/A | ബിന്ദു, കിഴക്കുംക്കര പുത്തൻവീട് | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 15/24/A | സോമൻ.എ, പണ്ടാരത്തോട് വീട് | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 15/46/A | സെമി, ഷിഫാ മൻസിൽ | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 15/48/A | സീനത്ത് ബീവി, ദാറുൽ ഇഷ്ക്ക് | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 15/110/A | ഷൈനിമോൾ, വൈഷ്ണവം, കരിമ്പുവിള | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 15/120/A | സൈനബാ ബീവി, സഫീനാ മൻസിൽ | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 15/164/A | സന്തോഷ് കുമാർ, ഗൗരിനന്ദനം, ചക്കകാട്,വെള്ളുമണ്ണടി | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 15/173/A | പ്രസാദ്.കെ, തടത്തരികത്ത് വീട് ചക്കകാട്,വെള്ളുമണ്ണടി | പേരുമല ചക്കക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 15/564/A | ശശിധരൻ, ആശാ ഭവൻ, മേലേക്കുറ്റിമൂട്, വെള്ളുമണ്ണടി | മേലേക്കുറ്റിമൂട് നെല്ലനാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 15/564/E | റിയാസ്.എസ്, കുന്നുവിള വീട്, മേലേക്കുറ്റിമൂട്, വെള്ളുമണ്ണടി | മേലേക്കുറ്റിമൂട് നെല്ലനാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/20 നുള്ള മറുപടിയിൽ പുല്ലാമ്പാറ ഗ്രാമപഞ്ചായത്തിൽ കൂടുതൽ പ്രദേശങ്ങളും താരതമ്യേന ജനസാന്ദ്രതയിലും വികസനത്തിലും വളരെ പിന്നോക്കാവസ്ഥയിലുള്ളതാണെന്നും മിക്ക പ്രദേശങ്ങളും തൃതിയ മേഖലയിലുള്ളവായണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിലുള്ള മാറ്റമടക്കമുള്ളവ പരിശോധിച്ച് അവശ്യമായ മാറ്റങ്ങൾ നിയമാനുസൃതമായി മാറ്റുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

മേഖല വിഭജനം കൃത്യമായി നടത്തി ആയതു സഞ്ചയയിൽ മാറ്റം വരുത്തലുകൾ നടത്തേണ്ടതാണ്.

2.വസ്തു നികുതി -നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നട ത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ

കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുടെ നിർണ്ണയത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. പുല്ലമ്പാറ, വെള്ളുമണ്ണടി വാർഡുകൾ പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 5/17 | ബിജുകുമാർ, മാമൂട്, മുക്കട | പാർപ്പിടം | 141.ച.മീ |
| 5/79 | കൃഷ്ണമ്മ, തടത്തരികത്ത് വീട്, നെടുംകൈത, മുക്കടിൽ | പാർപ്പിടം | 65.ച.മീ |
| 5/134 | വിജയമ്മ, കൈതേക്കോണത്ത് വീട്, തെള്ളിക്കച്ചാൽ, കുനൻവേങ്ങ | പാർപ്പിടം | 85.ച.മീ |
| 5/136 | മന്ദാകിനി അമ്മ, ശ്രീനിലയം തെള്ളിക്കച്ചാൽ, കുനൻവേങ്ങ | പാർപ്പിടം | 93.ച.മീ |
| 5/177 | സലീം, എ.എസ് മൻസിൽ, മാമൂട്, മുക്കട | പാർപ്പിടം | 99.ച.മീ |
| 5/191 | റഹ്മാബീവി, സുഹൈൽ മൻസിൽ, മാമൂട്, മുക്കട | പാർപ്പിടം | 70.ച.മീ |
| 2/44 | വത്സല, തടത്തരികത്ത് വീട് ബാലൻ പച്ച, വെള്ളുമണ്ണടി | പാർപ്പിടം | 80.ച.മീ |
| 2/51 | പ്രഭാകരൻ.കെ.എസ്.ഭവൻ, വട്ടയം, വെള്ളുമണ്ണടി | പാർപ്പിടം | 70.ച.മീ |
| 2/168 | വിജയലക്ഷ്മി, ദേവരാഗം, കട്ടുംമുഖം, വെള്ളുമണ്ണടി | പാർപ്പിടം | 80.ച.മീ |
| 2/217 | രമാദേവി, മൂഴി കട്ടയ്ക്കാൽ വീട്, വെള്ളുമണ്ണടി | പാർപ്പിടം | 69.ച.മീ |
| 2/330 | വിജയമ്മ, പാറയ്ക്കൽ വീട്, വെള്ളുമണ്ണടി | പാർപ്പിടം | 67.ച.മീ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/20 നുള്ള മറുപടിയിൽ കെട്ടിടനികുതി പരിഷ്ക്കരണ ഉത്തരവ് നിലവിൽ വരുന്നതിനു മുമ്പ് അസസ്സ് ചെയ്തിട്ടുള്ളതും സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് അസസ്സ്മെന്റ് വിവരങ്ങൾ പകർത്തി രേഖപ്പെടുത്തി നൽകിയിട്ടുമുള്ളതാണെന്നു അറിയിച്ചിരിക്കുന്നു. എന്നാൽ നിലവിൽ സഞ്ചയ പരിശോധിച്ചപ്പോൾ കണ്ട വിവരമാണ് എൻക്വയറി മുഖാന്തിരം നൽകിയത്. അതിനാൽ സഞ്ചയയിൽ അവ പരിശോധിച്ച് മാറ്റം വരുത്തേണ്ടതാണ്.

നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങളുടെ വിവരം ശേഖരിച്ച് അവശ്യമായ മാറ്റങ്ങൾ വരുത്തി നികുതിയ്ക്ക് അർഹയുണ്ടെങ്കിൽ ആയതു ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയ തായി സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല .

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| വാർഡ്നം/കെട്ടിട നം | ഉടമസ്ഥന്റെ വിവരം | അടവാക്കുവാനുള്ള കാലയളവ് |
|---|---|---|
| 15/129 | Indus Tower Ltd | 2019-20 I Half |

പ്രസ്തുത തുക ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 25/20 നുള്ള മറുപടിയിൽ സ്ഥാപനത്തിനു 2021-22 മുതലുള്ള വസ്തു നികുതി മാത്രമേ ഈടാക്കുവാനുള്ളൂ എന്നറിയിച്ചിരിക്കുന്നു. എന്നാൽ നിലവിൽ സഞ്ചയ പരിശോധിച്ചപ്പോഴും 2019-20 മുതൽക്കുള്ള തുക കുടിശ്ശികയായി അവശേഷിക്കുന്നു.

സഞ്ചയയിൽ അപാകത പരിഹരിക്കുവാൻ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വസ്തു നികുതി നിർണ്ണയം - ഫയലുകൾ അപൂർണം – കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം, രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ Updation നടത്തേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ പെർമിറ്റ്, നമ്പറിംഗ് എന്നിവയുടെ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ ഫോം 2, ഫോം 6 എന്നിവ ഫയലിൽ ലഭ്യമല്ല. നമ്പറിംഗ് ഫയൽ പരിശോധിച്ചതിൽ പെർമിറ്റ് നൽകിയതിന്റെയോ നമ്പർ നൽകിയതിന്റെയോ വിവരമില്ല. പണി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ പ്ലാൻ മാത്രമാണ് മിക്കവയിലും ലഭ്യമാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് വിവരം | വാർഡ് നം |
|---|---|---|
| 1 | ഷാനവാസ് ഖാൻ, ദാറുൽഫിർദൗസ് പേരുമല, പുല്ലമ്പാറ | 12 |
| 2 | പ്രീതി പുരുഷോത്തമൻ ദേവാങ്കണം,പാലാംകോണം | 13 |
| 3 | സീനത്ത് ബീവി, ജബ്ബാർ മൻസിൽ, തേമ്പാംമൂട്, പുല്ലമ്പാറ | 3 |
| 4 | ഹീദാഷ് & സാഹിറ കരീം ദാറുൽ സലാം, നാഗരുകുഴി. | 14 |
| 5 | മഹേഷ്,ത്രയംബകം, ശാസ്തനട,പുല്ലമ്പാറ | 4 |
| 6 | രേവതി,ആറ്ററികത്ത് വീട്, മുത്തിപ്പാറ,പുല്ലമ്പാറ | 5 |
| 7 | സജീറ.എ ,റോഡരികത്ത് വീട് , പേരുമല, പുല്ലമ്പാറ | 11 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/20 നുള്ള മറുപടിയിൽ നിലവിൽ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ ഫോം 2, ഫോം 6 എന്നിവ ഉൽപ്പെടുത്തിയ ഫയലുകളായാണ് സൂക്ഷിച്ചിരിക്കുന്നതെന്നും നമ്പറിംഗ് ഫയലുകൾ പ്രത്യേകമായി സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

5. വസ്തു നികുതി നിർണ്ണയം -കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം12(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ

സോഫ്റ്റ്‌വെയറിൽ 5, 7 എന്നീ വാർഡുകളിലെ നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| വാർഡ് -V | | | വാർഡ് -VII | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 61 | 61 | 1 | 103 | 103 | 1 |
| 69 | 69 | 1 | 273 | 273 | 1 |
| 228 | 228 | 1 | 388 | 388 | 1 |
| 246 | 246 | 1 | 428 | 429 | 2 |
| 272 | 272 | 1 | | | |
| 329 | 329 | 1 | Total | | 5 |
| 347 | 347 | 1 | | | |
| 378 | 379 | 2 | | | |
| 388 | 388 | 1 | | | |
| 397 | 397 | 1 | | | |
| Total | | 11 | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/20 നുള്ള മറുപടിയിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന്റെ ഭാഗമായി പ്രധാന കെട്ടിടങ്ങളോട് ചേർന്നുള്ള അനുബന്ധ കെട്ടിടങ്ങൾക്ക് നമ്പർ പതിച്ച് വിവരശേഖരണം നടത്തുകയും ഇത്തരം കെട്ടിടങ്ങൾക്ക് അസസ്മെന്റിൽ ഉൾപ്പെടുത്തേണ്ടതില്ലാത്തതിനാൽ സഞ്ചയയിൽ ചേർക്കാതെ ഒഴിവാക്കിയിട്ടുണ്ടെന്നും എല്ലാ വാർഡുകളിലെയും ഒഴിവാക്കപ്പെട്ട നമ്പരുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

6.വിമുക്തഭടന്മാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിലെ അപാകതകൾ

വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിന്റെ വിവരങ്ങൾ സ്ഥാപനം ഹാജരാക്കിയ രജിസ്റ്റർ, അപേക്ഷ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങളുടെ കരം ഒഴിവാക്കുന്നത് സംബന്ധിച്ച് സ്ഥാപനം ഹാജരാക്കിയ രജിസ്റ്ററിലെ വിവരങ്ങൾ സ്ഥാപന മേധാവിയോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.രജിസ്റ്റർ പ്രകാരം (പേജ് നം 4) സുകുമാര പിള്ള, ജയന്തി മന്ദിരം (വാർഡ് നം 1/251 A) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ സിന്ധു.പി, സാരംഗി, പന്തപ്ലാവിക്കോണം, നെല്ലനാട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3.രജിസ്റ്റർ പ്രകാരം (പേജ് നം 15) ഭാസ്കരപിള്ള, മേലേവിള പുത്തൻ വീട് (വാർഡ് നം 2/251 ) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഷീല.ഡി, മലപ്പുറത്ത് കടയിൽ വീട്, വെള്ളുമണ്ണടി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ നികുതി ഇളവ് നൽകിയിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4.സ്ഥാപനം ഹാജരാക്കിയ അപേക്ഷയിൽ ഗംഗാധരൻ നായർ.കെ, അനീഷ് ഭവൻ.ചുള്ളാളം, കുനൻവേങ്ങ (വാർഡ് നം 8/338 A )യുടെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ മേൽ വ്യക്തിയുടെ പേരിലുള്ള പ്രസ്തുത കെട്ടിടം ഇല്ലായെന്നാണ് കാണിക്കുന്നത്.

5.സ്ഥാപനം ഹാജരാക്കിയ അപേക്ഷയിൽ തങ്കപ്പൻനായർ.ആർ, റ്റി.എസ്.കോട്ടേജ്, ആലമുക്ക്, കുനൻവേങ്ങ എന്ന വ്യക്തിയുടെ വിവരം പരിശോധിച്ചതിൽ നികുതി ഇളവ് നൽകിയിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/20-ന്റെ മറുപടിയിൽ പിഴവുകൾ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. അപാകതകൾ പരിഹരിച്ച്, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 എസ്.എൽ.ഐ പോളിസി അംഗത്വം എടുത്തിട്ടില്ല.

കെ.എസ്.ആർ.പാർട്ട് 1 ചട്ടം 22(എ) ,ജി.ഒ(പി) 556/2008/ധന/16.12.2008 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിനുശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറിയായ ശ്രീ.വിജയൻ എം നാളിതുവരെയായും എസ്.എൽ.ഐ പോളിസി എടുത്തിട്ടില്ല. 25.5.1971-നു ജനിച്ച പ്രസ്തുത ഉദ്യോഗസ്ഥൻ സേവനത്തിൽ പ്രവേശിച്ചത് 06.12.1997-ലാണ്. എസ്.എൽ.ഐ

പ്രീമിയമെടുക്കാൻ തയ്യാറാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ( ഓഡിറ്റ് എൻക്വയറി നം 56 /20).

കെ.എസ്.എ.ആർ പാർട്ട് 1 ചട്ടം 31 നോട്ട് 3 പ്രകാരം എസ്.എൽ.ഐ പോളിസി എടുക്കുന്നതു വരെ ഒരു ഉദ്യോഗസ്ഥന് ആദ്യ ഇൻക്രിമെന്റിനർഹത ഉണ്ടായിരിക്കുന്നതല്ല.

50 വയസ്സ് പൂർത്തിയായ വ്യക്തിയായതിനാൽ പുതിയ പോളിസി എടുക്കുവാനും കഴിയാത്ത സാഹചര്യത്തിൽ സേവനത്തിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ എസ്.എൽ.ഐ, ജി.ഐ.എസ് എന്നീ നിർബന്ധിത പോളിസികൾ എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടത് സ്ഥാപനമേധാവിയുടെ ഉത്തരവാദിത്തമാണ്.

## 1-14 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-14-1 ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) 2018-19 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളെ 2019-20-ലെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നം. | ഉടമയുടെ പേര്, വിലാസം | സ്ഥാപനം |
|---|---|---|---|
| 1 | 4 | അബ്ദുൾ വാഹിദ്, റോഡരികത്ത് വീട് | സ്റ്റേഷനറി |
| 2 | 7 | സൈഫുദ്ദീൻ, തടത്തരികത്ത് വീട് | റബ്ബർ വ്യാപാരം |
| 3 | 8 | രാജേന്ദ്രൻ നായർ, നെടുവേലിപ്പാറ പുത്തൻവീട് | പാറ പൊടിക്കുന്നതിന് |
| 4 | 8 | സുമയ്യ, വി.വി.ഹൗസ് | റൈസ് മിൽ |
| 5 | 8 | രാജൻ.സി, കാർത്തിക നിവാസ് | ആദിത്യ സൗണ്ട്സ് |
| 6 | 8 | ഗോപിനാഥൻ നായർ, കളത്തിൽ വീട് | കെ.ജി.ഇലക്ട്രിക്കൽസ് |
| 7 | 8 | അബ്ദുൾ മനാഫ്, അറാഫത്ത് | റബ്ബർ വ്യാപാരം |
| 8 | 8 | റുജി.ജി.എസ്, ഷിജി വിലാസം | ഭക്ഷണശാല |
| 9 | 8 | നിസാറുദ്ദീൻ, എം.എസ്.മൻസിൽ | റബ്ബർ വ്യാപാരം |
| 10 | 8 | സുരേഷ്, പൊത്തക്കുഴി പഴവിള വീട് | ശിങ്കാരമേളം ട്രൂപ്പ് ഓഫീസ് |
| 11 | 9 | അരുൺ കുമാർ, വിനോദ് ഭവൻ | സിമന്റ് വിൽപന |
| 12 | 9 | ശ്രീകുമാരി, ഹരിശ്രീ | ഫോട്ടോസ്റ്റാറ്റ് കട |
| 13 | 9 | സലീം, ജുമാന മൻസിൽ | പ്രൊവിഷൻ സ്റ്റോർ |
| 14 | 9 | ഷാജഹാൻ.എസ്, എസ്.എൻ.നിവാസ് | ബേക്കറി |

| | | | |
|---|---|---|---|
| 15 | 9 | നാസറുദ്ദീൻ, കുഴിവിള വീട് | റബ്ബർ വ്യാപാരം |
| 16 | 9 | ഷാജഹാൻ.എംഎസ്, ഷാജഹാൻ മൻസിൽ | ഫർണിച്ചർ കട |
| 17 | 9 | ബാലൻ പിള്ള, കൊച്ചുകരിക്കകത്തിൽ വീട് | ഹോട്ടൽ |
| 18 | 9 | പ്രവീണ. എം.ബി, റോഡരികത്ത് കടയിൽ വീട് | ചെരുപ്പ്, ബാഗ് എന്നിവ സ്റ്റോക്ക് ചെയ്യുന്നതിന് |
| 19 | 10 | സനോജ്.എസ്.എസ്.നിവാസ് | പൗൾട്രി ഫാം |
| 20 | 11 | എം.റഹീം, ആർ.എൽ.നിവാസ് | റ്റീ ഷോപ്പ് |
| 21 | 11 | അബ്ദുൾ ജബ്ബാർ, സഫീന മൻസിൽ | സ്റ്റേഷനറി |
| 22 | 11 | ഷറഫുദ്ദീൻ, മണലിയൽ വീട് | ഫ്ലവർമിൽ |
| 23 | 11 | സജീർ.കെ, ഫാത്തിമ കോട്ടേജ് | പ്രൊവിഷൻ സ്റ്റോർ |
| 24 | 11 | ജി.ഹരികുമാർ, ഹരിശ്രീ | സ്റ്റേഷനറി |
| 25 | 11 | സഫീന സുൽഫി, സഫീന മൻസിൽ | ഫാൻസി & സ്റ്റേഷനറി |
| 26 | 11 | അൻവർ സാദിഖ്, കെ.കെ.ഹൗസ് | ബിൽഡിംഗ് കൺസ്ട്രക്ഷൻ |
| 27 | 11 | ഷംനാബീഗം.എ.ആർ, ദാറുൽ അമാൻ | സിമന്റ് വിൽപന |
| 28 | 11 | അൻസർ, തടത്തരികത്ത് വീട് | ചായക്കട |
| 29 | 11 | സന്തോഷ് കുമാർ, അഭിജിത്ത് ഭവൻ | ജ്വല്ലറി ഷോപ്പ് |
| 30 | 11 | മുഹമ്മദ് സജീദ്.എം.എസ്, സജീദ് മൻസിൽ | റബ്ബർ വ്യാപാരം |
| 31 | 11 | ജിജു.ജെ.എസ്, ജിജു ഭവൻ | മെഡിക്കൽ ലബോറട്ടറി |
| 32 | 11 | ഫസീലാ ബീവി, ഫസീലാ മൻസിൽ | സോപ്പ്, സർഫ് വിൽപന |
| 33 | 11 | അൻസി.എസ്, ആർ.കെ.ഹൗസ് | ഡെന്റൽ ക്ലിനിക്ക് |
| 34 | 11 | മുനീർ, അനസ്, ഇഷാദ്, തടത്തരികത്ത് വീട് | ബിൽഡിംഗ് കൺസൾട്ടൻസി |
| 35 | 13 | ബോബി ദേവരാജൻ, അശ്വതി | മലഞ്ചരക്ക് സ്റ്റോക്ക് ചെയ്യുന്നതിന് |
| 36 | 13 | കബീർ.എ, സജീർ മൻസിൽ | സ്റ്റേഷനറി |
| 37 | 13 | കുര്യൻ ചാക്കോ, ഓമശ്ശേരിയിൽ | സുഗന്ധദ്രവ്യങ്ങളുടെ വിൽപന |
| 38 | 13 | സജീർ ഖാൻ, സജീർ മൻസിൽ | സിമന്റ് ഏജൻസി |
| 39 | 14 | സനിൽ, കല്ലുവാക്കുഴി | രാസവളം വിൽപന |
| 40 | 14 | റസീന, ഗ്രീൻലാന്റ് | തുണി അലക്കുകട |
| 41 | 14 | നൗഷാദ്, വടക്കനാട് വീട് | ചായക്കട |
| 42 | 14 | അബ്ദുൾ ലത്തീഫ്, ദാറുൽ ദൗസർ | ട്രാവൽ ഏജൻസി |
| 43 | 14 | ഷെരീഫുദ്ദീൻ, കാവുവിള വീട് | റബ്ബർ വ്യാപാരം |
| 44 | 14 | മുഹമ്മദ് നിതിൻഷാ, എസ്.എസ്.മൻസിൽ | കമ്പ്യൂട്ടർ റിപ്പയറിംഗ് |
| 45 | 14 | നദീം അലിയാരുകുഞ്ഞ്, സലാമത് മൻസിൽ | സെക്യൂരിറ്റി സിസ്റ്റം മെയിന്റനൻസ് |
| 46 | 14 | പ്രസാദ്.എം.എസ്, റോഡരികത്ത് വീട് | ഇലക്ട്രോണിക്സ് റിപ്പയറിംഗ് കട |
| 47 | 14 | നാഗദന്തി.എൽ, കൊച്ചുകുന്നിൽ | മുറുക്ക് കട |
| 48 | 14 | ഷെമി.ജെ, സാജിദ മൻസിൽ | സ്റ്റിച്ചിംഗ് സെന്റർ & ഗാർമെന്റ്സ് |
| 49 | 14 | സനിൽ.പി, കല്ലുവാക്കുഴി തെക്കുകര പുത്തൻവീട് | രാസവളം ഡിപ്പോ |
| 50 | 14 | ഇ.ജലീൽ, ദാറുസ്സലാം | ഫ്ലവർമിൽ |
| 51 | 14 | ജമീലാബീവി, റാഹത്ത് വില്ല | ഹോട്ടൽ |
| 52 | 14 | നദിയാനബീൻ, ബിസ്മില്ലാ കോട്ടേജ് | സിമന്റ് വിൽപന |
| 53 | 14 | ഷാനഷാ, ഷാന ഭവൻ | അലുമിനിയം ഫാബ്രിക്കേഷൻ കട |

| | | | |
|---|---|---|---|
| 54 | 14 | സുരേഷ് കുമാർ.ആർ, വി.എ.ഭവൻ | പ്രൊവിഷൻ സ്റ്റോർ |
| 55 | 14 | റിയാസ്, എസ്.ആർ.മൻസിൽ | മുറുക്കാൻ കട |
| 56 | 15 | സുഹ്റ സലീം, എസ്.എസ്.മൻസിൽ | തുണിക്കട |
| 57 | 15 | സുജിത.കെ.നായർ, കെ.എസ്.ഭവൻ | തുണിക്കട |

2) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും തൻവർഷം ലൈസൻസ് നൽകിയിട്ടില്ല എന്ന് കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റിലെ വാർഡ് നം. 1 മുതൽ 8 വരെയുള്ളവ പരിശോധിച്ചതിൽ നിന്നുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഉടമയുടെ പേര്, വിലാസം | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1 | സുരേഷ് കുമാർ, ശങ്കരമംഗലം | രാസവള ഡിപ്പോ |
| 2 | 1 | ശശികല.കെ, വിളയിൽ വീട് | സ്റ്റേഷനറി |
| 3 | 1 | ശോഭനൻ, ആർ.ആർ.ഭവൻ | മൈക്ക് സെറ്റ് വാടകയ്ക്ക് കൊടുക്കുന്ന സ്ഥാപനം |
| 4 | 1 | മുരളീധരൻ നായർ, മുരളിക | തുണിക്കട |
| 5 | 1 | മുരളീധരൻ നായർ, മുരളിക | ഫ്ലവർമിൽ |
| 6 | 1 | മുരളീധരൻ നായർ, മുരളിക | പലചരക്ക് വ്യാപാരം |
| 7 | 1 | സുരേന്ദ്രൻ നായർ, ഷിജി ഭവൻ | ഫാൻസി & സ്റ്റേഷനറി |
| 8 | 1 | സലാഹുദ്ദീൻ, ഷംനാ മൻസിൽ | പൗൾട്രിഫാം |
| 9 | 2 | കബീർ, മനീഷ ഭവൻ | പലചരക്ക് വ്യാപാരം |
| 10 | 2 | പ്രശോഭനൻ, ഭവാനി ഭവൻ | കാർപെന്ററി വർക്ക് |
| 11 | 2 | സംജീർ, ഫാത്തിമ കോട്ടേജ് | പ്രൊവിഷൻ സ്റ്റോർ |
| 12 | 2 | സീനത്ത് ബീവി, ആലുവിള | ഫ്ലോർ മിൽ |
| 13 | 2 | രഞ്ജിനി മധു, വി.എസ്.ഭവൻ | ജനറൽ സ്റ്റോർ |
| 14 | 2 | കൃഷ്ണൻകുട്ടി, വിപിൻ മന്ദിരം | ഫർണിച്ചർ വിൽപന |
| 15 | 2 | രാജേഷ്, വെള്ളുമണ്ണടി | പച്ചക്കറി വിൽപന |
| 16 | 3 | നാസർ, അനസ് മൻസിൽ | സ്റ്റേഷനറി |
| 17 | 3 | ഷൈലാബീവി, വടക്കേക്കോണത്ത് വീട് | പലചരക്ക് കട |

| | | | |
|---|---|---|---|
| 18 | 3 | ലൈല, സലീം മൻസിൽ | പലചരക്ക് കട |
| 19 | 3 | അനിൽ കുമാർ, അനീഷ് ഭവൻ | സ്റ്റുഡിയോ |
| 20 | 3 | സലീം, ദാറുസലാം | ഫ്ലവർമിൽ |
| 21 | 3 | രാജേന്ദ്രൻ നായർ, ശ്രീശൈലം | ബേക്കറി |
| 22 | 3 | ശ്രീകണ്ഠൻ, മിഥുനം | ബാർബർഷോപ്പ് |
| 23 | 3 | റഫീക്ക്, ചാവറോഡ് വീട് | ഹാർഡ്‌വെയർ വ്യാപാരം |
| 24 | 3 | മണികണ്ഠൻ നായർ, പൊയ്ക്കകത്ത് വീട് | തയ്യൽക്കട |
| 25 | 3 | നിസാർ, ഷാൻ മൻസിൽ | കമ്പി, പൈപ്പ് വ്യാപാരം |
| 26 | 3 | നാസറുദ്ദീൻ, ബിസ്മി മൻസിൽ | ബേക്കറി |
| 27 | 4 | സുമയ്യ, വി.പി.ഹൗസ് | ഫ്ലവർമിൽ |
| 28 | 4 | രാജൻ, കാർത്തിക നിവാസ് | മൈക്ക് സെറ്റ് വാടകയ്ക്ക് കൊടുക്കുന്ന സ്ഥാപനം |
| 29 | 4 | കെ.പി.വിനോദ്, ആയില്യം | പലചരക്ക് കട |
| 30 | 4 | നസീർ, പുളിവിളാകത്ത് ചന്ദ്രവിലാസം | ഫ്ലവർമിൽ |
| 31 | 4 | പ്രസന്നകുമാരൻ നായർ, വിഷ്ണുഭവൻ | സ്റ്റേഷനറി |
| 32 | 4 | ജലീൽ.കെ, വരിക്കല്ലിൽ ഹൗസ് | തടിമിൽ |
| 33 | 5 | സലീം, തെക്കേക്കോണത്ത് വീട് | റബ്ബർ വ്യാപാരം |
| 34 | 5 | ഗോപകുമാർ, ശ്രീകൃപം | വളം ഡിപ്പോ |
| 35 | 5 | ബിജുകുമാർ, ബിജു വിലാസം | കമ്പി വിൽപന |
| 36 | 5 | ഷാഹുൽ ഹമീദ്, നൗഫൽ മൻസിൽ | പ്രൊവിഷൻ സ്റ്റോർ |
| 37 | 5 | റാഫിലാബീവി, പണയിൽ വീട് | ഫാൻസി |
| 38 | 5 | ഷാനിഫ, ആമിനാ മൻസിൽ | പലചരക്ക് കട |
| 39 | 5 | സാജിറ.എ, പേരുമല റോഡരികത്ത് വീട് | സിമന്റ് ബ്ലോക്ക് നിർമ്മാണം |
| 40 | 6 | അലിയാരുകുഞ്ഞ്, തോങ്ങലിൽ വീട് | വിളക്കെണ്ണ, സോപ്പ് വ്യാപാരം |
| 41 | 6 | അരുൺ കുമാർ, അഖില ഭവൻ | വർക്ക്ഷോപ്പ് |
| 42 | 6 | അബൂബക്കർ, കാവുവിള വീട് | സ്റ്റേഷനറി |
| 43 | 6 | വിശ്വനാഥൻ, വി.വി.ഹൗസ് | പലചരക്ക് കട |
| 44 | 6 | ദിനേശ്, സി.ബി.ഹൗസ് | ഇലക്ട്രിക് കട |
| 45 | 8 | ഷംസുദ്ദീൻ, ബീമാ മൻസിൽ | പലചരക്ക് കട |
| 46 | 8 | അബ്ദുൾ അസീസ്, അൻസി മൻസിൽ | റബ്ബർ വ്യാപാരം |
| 47 | 8 | അനിൽ കുമാർ, എ.എസ്.ഭവൻ | സ്റ്റേഷനറി |
| 48 | 8 | രാജൻ, കിഴക്കുകര പുത്തൻ വീട് | ബാർബർഷോപ്പ് |
| 49 | 8 | അബ്ദുൾ ഖാദർ, ബുഷ്റ മൻസിൽ | ഹോളോബ്രിക്സ് |
| 50 | 8 | നസിമാനുജം, കെ.പി.ഹൗസ് | പലചരക്ക് കട |
| 51 | 8 | അനിത, ഉണ്ടുകടയ്ക്കൽ വീട് | പച്ചക്കറി കട |

3) ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2019-20 വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി,

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര്, വിലാസം | വ്യാപാരസ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3/493 | അയിഷത്തു ബീവി, റോഡരികത്തു വീട് | റഫീക്ക് ഹോളോബ്രിക്സ് |
| 2 | 11/266 | മുഹമ്മദ് റഷീദ് കരീം, അഷ്റഫ് | സംസം വാട്ടർ & സോഫ്റ്റ് ഡ്രിംഗ്സ് |
| 3 | 1/14 | റഹീനാബീവി.എസ്, ആരുഡിയിൽ | ആരുഡിയിൽ ഫ്ലവർമിൽ |
| 4 | 11/671 | ഷംനാദ്.എം, പൊയ്കയിൽ വീട് | എ.എ.വെജിറ്റബിൾസ് |
| 5 | 11/696 A | അഹമ്മദലി, ഷെമി മൻസിൽ | കുന്നിക്കോട് ബേക്കറി |
| 6 | 9/246,247 | സലീം.എ, ജുമാന മൻസിൽ | പ്രൊവിഷൻ സ്റ്റോർ |
| 7 | 10/96 | നിസാം.എ, നിഷാദ് മൻസിൽ | സ്റ്റേഷനറി വ്യാപാരം |
| 8 | 11/333 B | റിജാസ്.എ, റിജാസ് മൻസിൽ | സോളിഡ് ബ്ലോക്സ് |
| 9 | 8/381 | വി.ഗോപിനാഥൻ നായർ, കളത്തിൽ വീട് | ഇലക്ട്രിക് സാധനങ്ങളുടെ വിൽപന |
| 10 | 9/73 E | ശ്രീകല.ആർ, സുബിൻ നിവാസ് | ചൈത്രം സ്റ്റിച്ചിംഗ് സെന്റർ |
| 11 | 14/395 A | ഹാഷിം.എച്ച്, ഹബീബ് മൻസിൽ | സ്റ്റേഷനറി |
| 12 | 11/55 | സബൂറാബീവി, സിബി മൻസിൽ | ഫാൻസി സ്റ്റോർ |
| 13 | 14/506,507 | മാജിദാബീഗം.എം, തൈക്കാട് ഹൗസ് | പ്രകൃതി ഗ്രീൻ പ്രോഡക്ട്സ് |
| 14 | 12/161 | സമീറ.എസ്, നവാസ് കോട്ടേജ് | മെഡിക്കൽ ഹൗസ് |

4) ട്രേഡേഴ്സ് ലിസ്റ്റിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല – വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ വ്യാപാര സ്ഥാപനത്തിന്റെ പേരും വ്യാപാരിയുടെ വിവരങ്ങളും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നം. അടക്കമുള്ള മറ്റ് കോളങ്ങളൊന്നും തന്നെ പൂരിപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.17/18.12.2021-ന് ലഭ്യമാക്കിയ മറുപടി ചുവടെ പറയും പ്രകാരമാണ്.

1. ക്രമ നം.1 പ്രകാരമുള്ള ലിസ്റ്റിലെ ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉള്ളതാണെന്നും മറ്റുള്ള കെട്ടിടങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതിനാലാണ് ലൈസൻസ് നൽകാതിരുന്നതെന്നും അറിയിച്ചിരിക്കുന്നു. ലൈസൻസ് ഉള്ളതായി അറിയിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് 2019-20 ൽ അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും പ്രവർത്തനം അവസാനിപ്പിച്ചവ 2019-20 ൽ പ്രവർത്തിച്ചിരുന്നില്ല എന്നുള്ളതിന്റെ തെളിവായി ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

2. ക്രമ നം. 2 പ്രകാരമുള്ള പട്ടികയിലെ 17, 26, 39, 49 ൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് 2019-20 ൽ പുതുക്കി നൽകിയിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും പട്ടികയിലെ മറ്റ് സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതാണ്.

4. ട്രേഡേഴ്സ് ലിസ്റ്റ് വിശദവിവരങ്ങളോട് കൂടി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആയത് പ്രാവർത്തികമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14-2 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സമയക്രമം പാലിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പല അപേക്ഷകളിലും തീയതി രേഖപ്പെടുത്താത്തതിനാൽ സമയപരിധിക്കുള്ളിൽ തന്നെയാണോ അപേക്ഷ നൽകിയത് എന്ന് വ്യക്തമല്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | സ്ഥാപനം | അപേക്ഷാ തീയതി |
|---|---|---|---|---|
| 1 | 11/533 | അനീസാബീവി, ഫാത്തിമ മൻസിൽ | നാഷണൽ ഏജൻസീസ് | 25.06.19 |
| 2 | 4/50 | ഷിനോജ് മുഹമ്മദ് | സതേൺ റബ്ബേഴ്സ് | 02.07.19 |

| | | | | |
|---|---|---|---|---|
| | | ഇസ്മയിൽ, ഫാറൂക്ക് മൻസിൽ | | |
| 3 | 12/147 | ശശിധരൻ, മുണ്ട പ്ലാമൂട് | വിറക് വിൽപന | 18.06.19 |
| 4 | 11/31 | അൻവർ സാദിഖ്, കെ.കെ.ഹൗസ് | ബിൽഡിംഗ് കൺസൾട്ടൻസി | 13.08.19 |
| 5 | 15/316 | ലൈലാബീവി, തേവര്ക്കുന്ന് പുത്തൻവീട് | ഹോട്ടൽ | 29.08.19 |
| 6 | 11/499 | രാജിമോൾ.ആർ, തടത്തരികത്ത് വീട് | ബി &ബി കളക്ഷൻസ് | 06.11.19 |
| 7 | 1/398 A | അർച്ചന, ഉദയാ ഭവൻ | കിച്ചൂസ് പൗൾട്രിഫാം | 05.10.19 |
| 8 | 12/180 B | ഷഹീദ്, തടത്തരികത്ത് വീട് | എസ്.എസ്.പുളിക്കട & ബേക്കറി | 08.09.19 |
| 9 | 11/32 | ഷംനാബീഗം.എ.ആർ, ദാറുൽ അമാൻ | രണ്ടാം നിലയിൽ ട്രേഡേഴ്സ് | 17.12.19 |
| 10 | 4/324 | മുംതാസ്, തടത്തരികത്ത് വീട് | മുംതാസ് ഗ്രോസറി ഷോപ്പ് | 23.01.20 |
| 11 | 9/101 | സബീന, എസ്.പി.കോട്ടേജ് | ഷാ റബ്ബർ വ്യാപാരം | 13.03.20 |
| 12 | 8/434 | രാജൻ.സി, കാർത്തിക നിവാസ് | ആദിത്യ സൗണ്ട്സ് | 19.03.20 |
| 13 | 8/434 | രാജൻ.സി, കാർത്തിക നിവാസ് | ബാർബർ ഷോപ്പ് | 19.03.20 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലേറ്റ് ഫീ ഈടാക്കിയിട്ടില്ല. 2019-20 വർഷത്തെ ലൈസൻസിനുള്ള അപേക്ഷ 2020 മാർച്ച് മാസം നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നു പോലും ലൈസൻസ് പുതുക്കുന്നതിന് ലേറ്റ് ഫീ ഈടാക്കിയിട്ടില്ല.

2. ഒരു ദിവസത്തേയ്ക്ക് മാത്രം ലൈസൻസ് അനുവദിച്ചിരിക്കുന്നു

സജീർ.എം, വടക്കേക്കോണത്ത് വിളയിൽ വീട്, തേമ്പാംമൂട് എന്ന വ്യക്തി പ്ലംബിംഗ് വെബ് എന്ന സ്ഥാപനത്തിന്റെ (കെട്ടിട നം.3/323) 2019-20 വർഷത്തേയ്ക്കുള്ള ലൈസൻസിനായി 31.03.20 ന് അപേക്ഷിക്കുകയും അന്നൊരു ദിവസത്തേയ്ക്ക് മാത്രം (31.03.2020) ലൈസൻസ് അനുവദിക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാളിൽ നിന്നും ലേറ്റ് ഫീ ഈടാക്കിയിട്ടുമില്ല.

3. 2019-20 ൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നത് ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | ലൈസൻസിന് അർഹമായ കാലാവധി അവസാനിക്കുന്ന തീയതി | ആധാരമായ രേഖ |
|---|---|---|---|---|---|
| 1 | 3/493 | അയിഷത്തു ബീവി, റോഡരികത്തു വീട് | റഫീക്ക് ഹോളോബ്രിക്സ് | 31.08.19 | മലിനീകരണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| 2 | 12/333 | രവീന്ദ്രൻ നായർ, രേഖാ നിവാസ് | രേഖാ സ്റ്റോർ | 31.12.19 | വാടക കരാർ |
| 3 | 14/537 | സൈനുദ്ദീൻ, കാരിഞ്ചിയിൽ കടയ്ക്കാലിൽ വീട് | മലഞ്ചരക്ക് വ്യാപാരം | 31.12.19 | വാടക കരാർ |
| 4 | 14/536 | മുഹമ്മദ് റഷീദ്, ആർ.എസ്.മൻസിൽ | സ്റ്റേഷനറി | 31.12.19 | വാടക കരാർ |
| 5 | 9/110 | സജീർ.കെ, ഫാത്തിമ കോട്ടേജ് | ചില്ലറ വിൽപന | 31.12.19 | വാടക കരാർ |
| 6 | 14/534 | മത്തായി, പുതുപറമ്പിൽ വീട് | സ്റ്റേഷനറി | 31.12.19 | വാടക കരാർ |
| 7 | 6/536 | ശശിധരൻ നായർ, ബൈജു ഭവൻ | രേവതി സ്റ്റോഴ്സ് | 31.12.19 | വാടക കരാർ |
| 8 | 5/19 | ഹാഷിം.എ, കൊച്ചുവിളയിൽ തടത്തരികത്തു വീട് | ജീന ഹോം അപ്ലയൻസ് | 30.04.19 | വാടക കരാർ |
| 9 | 1/14 | റഹീനാബീവി.എസ്, ആരുഡിയിൽ | ആരുഡിയിൽ ഫ്ലവർമിൽ | 31.05.19 | മലിനീകരണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 10 | 11/671 | ഷംനാദ്.എം, പൊയ്കയിൽ വീട് | എ.എ.വെജിറ്റബിൾസ് | 31.01.19 | വാടക കരാർ |
| 11 | 6/516 | കൃഷ്ണൻകുട്ടി നായർ, കൈപ്പള്ളി വീട് | സ്റ്റേഷനറി | 31.03.19 | വാടക കരാർ |
| 12 | 11/32 | മനോഹരൻ നായർ, അശ്വതി ഭവൻ | മനോഹരൻ സ്റ്റോഴ്സ് | 31.01.19 | വാടക കരാർ |
| 13 | 4/456 | ജലീൽ.കെ, വരിക്കല്ലിൽ ഹൗസ് | ജുമൈലാ സാമിൽ | 31.07.19 | വാടക കരാർ |
| 14 | 11/205 E | ജിജു.ജെ.എസ്, ജിജു ഭവൻ | കാർത്തിക ഡയഗ്നോസ്റ്റിക് സെന്റർ | 31.10.19 | വാടക കരാർ |

അനുവദിച്ചിരിക്കുന്ന ലൈസൻസിന്റെ പകർപ്പ് ബന്ധപ്പെട്ട ഫയലുകളോടൊപ്പം ചേർത്തിട്ടില്ലാത്തതിനാൽ ഏത് കാലയളവ് വരെയാണ് ലൈസൻസ് അനുവദിച്ചതെന്ന് വ്യക്തമല്ല.

4. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന രേഖകൾ 2019-20 വർഷത്തേക്കുള്ളവയല്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 11/671 | ഷംനാദ്.എം, പൊയ്കയിൽ വീട് | എ.എ.വെജിറ്റബിൾസ് | വാടക കരാർ 31.01.19 വരെയുള്ളതാണ്. |
| 2 | 6/516 | കൃഷ്ണൻകുട്ടി നായർ, കൈപ്പള്ളി വീട് | സ്റ്റേഷനറി | വാടക കരാർ 31.01.19 വരെയുള്ളതാണ്. |
| 3 | 11/32 | മനോഹരൻ നായർ, അശ്വതി ഭവൻ | മനോഹരൻ സ്റ്റോഴ്സ് | വാടക കരാർ 31.01.19 വരെയുള്ളതാണ്. |
| 4 | 8/462 A | സീനത്ത് ബഷീർ, തേമ്പാക്കാല വീട് | റോയൽ ബ്രിക്സ് & ടൈൽസ് | മലിനീകരണ ബോർഡിൽ നിന്നുള്ള |

| | | | | |
|---|---|---|---|---|
| | | | | സർട്ടിഫിക്കറ്റ് 31.12.2017 വരെയുള്ളതാണ്. |

5. വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III-ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര്, വിലാസം | വ്യാപാര സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | 15/338 A | സീനത്ത് ബീവി.ആർ, ആലുവിള വീട് | ഫ്ലവർ മിൽ | 10 HP | 100 |
| 2 | 11/333 B | റിജാസ്.എ, റിജാസ് മൻസിൽ | സോളിഡ് ബ്ലോക്സ് | 7.5 HP | 100 |
| 3 | 11/226 | മുഹമ്മദ് റഷീദ് കരീം, അഷ്റഫ്, മുക്കല | സംസം വാട്ടർ & സോഫ്റ്റ് ഡ്രിംഗ്സ് | 1.34 HP | 50 |
| 4 | 9/73 E | ശ്രീകല.ആർ, സുബിൻ നിവാസ് | ചൈത്രം സ്റ്റിച്ചിംഗ് സെന്റർ | 2 HP | 50 |
| | | | | ആകെ | 300 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/18.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേറ്റ് ഫീ, വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് എന്നിവ ഈടാക്കേണ്ട മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സമയപരിധിക്കുള്ളിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ലൈസൻസിനുള്ള അപേക്ഷയോടൊപ്പമുള്ള എല്ലാ അനുബന്ധരേഖകളും യഥാവിധി പരിശോധിക്കേണ്ടതും അതിനനുസൃതമായി മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

6. 2019-20 ലെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ഗ്രാപഞ്ചായത്ത് ഓഫീസിന്റെ എതിർവശത്ത് പ്രവർത്തിക്കുന്ന ആനക്കുഴി എ.അഹമ്മദ് പിള്ള മെമ്മോറിയൽ കൾച്ചറൽ സെന്റർ എന്ന പേരിലുള്ള ഓഡിറ്റോറിയം, അതിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എം.എസ് മെമ്മോറിയൽ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, തേമ്പാംമൂട് |
| 2 | അക്ഷയ ജനസേവന കേന്ദ്രം, തേമ്പാംമൂട് |

| | |
|---|---|
| 3 | സംസം ഡിജിറ്റൽ ജനസേവന കേന്ദ്രം, നീരാറ്റുകുഴി |
| 4 | നിരാമിയ ആയുർവേദ ക്ലിനിക്ക്, പേരുമല |

ഓഡിറ്റ് അന്വേഷണം നം.37/21.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ അപാകങ്ങൾക്ക് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. മുകളിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14-3 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പൊതുവായ അപാകതകൾ

1. ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

31.10.2017-ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ്

ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2019-20 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

2. ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും, അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 219 A മുതൽ 219 X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.19/18.12.2021 ന് ലഭ്യമാക്കിയ ലൈസൻസിനുള്ള അപേക്ഷയിൽ അപേക്ഷകൻ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം സ്വമേധയാ വെളിപ്പെടുത്തുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 2019-20 വർഷത്തെ ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. പകരം ഒരു ദിവസത്തെ വിറ്റുവരവാണ് കോളം 19 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. കൂടാതെ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നതിനെ കുറിച്ച് മറുപടി നൽകിയിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും പൂർണമായും നടപ്പാക്കേണ്ടതും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമാണ് ലൈസൻസ് അനുവദിക്കുന്നത് എന്ന കാര്യം ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14-4 അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന 4 ഓൺലൈൻ സെന്ററുകൾക്ക് നോട്ടീസ് നൽകുന്നതിന് 16.12.19 ൽ നടന്ന ജനറൽ കമ്മിറ്റി യോഗം അജണ്ട 19 തീരുമാനം നം. 1 പ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതിയും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരവും സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.37/21.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നോട്ടീസ് ലഭിച്ച 2 സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ചർച്ച നടത്തുകയും അനുമതി തേടി ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും തുടർന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തതായി അറിയിച്ചിരിക്കുന്നു. എന്നാൽ സെന്ററുകൾ ആരംഭിക്കുന്നതിന് ബഹു.ജില്ലാ കളക്ടറിൽ നിന്നും അനുമതി ലഭിച്ചതിന്റെ വിവരമോ ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ

1998 ലെ കേരള പഞ്ചായത്ത്‌രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. ചട്ടം 4(1) പ്രകാരം അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഏതൊരാളും ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്തിൽ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായും ലൈസൻസ് കാലാവധി രേഖപ്പെടുത്തി അവ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. 2019-20 ലെ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ വളർത്തു നായ്ക്കളുടെ എണ്ണം 700 ആണ്. ഇതിൽ ലൈസൻസ് ഉള്ളവ ഒന്നു പോലുമില്ലായെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ,

അപേക്ഷകൾ എന്നിവ പ്രകാരം ആകെ 2 എണ്ണത്തിന മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/16.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കുന്നതും പരമാവധി നായകൾക്ക് ലൈസൻസ് നൽകുന്നതിന് ശ്രമം നടത്തുന്നതുമാണെന്ന് അറിയിച്ചിരിക്കുന്നു. ആയത് നടപ്പിലാക്കേണ്ടതാണ്.

## 1-16 പൗൾട്രി ഫാമുകൾക്കുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ

1. 2019-20 ൽ പുതുതായി പ്രവർത്തനം ആരംഭിച്ച സഞ്ചു പൗൾട്രി ഫാം (ലൈസൻസിയുടെ പേര് - സഞ്ചു.ജി.എസ്, ഗൗരീശങ്കരം), പനങ്ങോട് പൗൾട്രി ഫാം (ലൈസൻസിയുടെ പേര് -സി.ശ്രീകണ്ഠൻ നായർ, സരോജിനി മന്ദിരം) എന്നീ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ 2012-ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഫാം ആരംഭിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ ഫോറം 1 ൽ നൽകണം. മേൽ സ്ഥാപനം അനുമതിയ്ക്കായി ഫോറം 1 പ്രകാരമുള്ള അപേക്ഷ നൽകിയിട്ടുള്ളതായി കാണുന്നില്ല.

2. 2019-20 ലൈസൻസ് പുതുക്കി അനുവദിച്ചിട്ടുള്ള പൗൾട്രി ഫാമുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫാമിന്റെ പേര് | ലൈസൻസിയുടെ പേര്, വിലാസം |
|---|---|---|
| 1 | എസ്.എസ് പൗൾട്രി ഫാം | ഷാജഹാൻ, റ്റി.പി ഹൗസ് |
| 2 | ആർ.എസ് പൗൾട്രി ഫാം | ശ്രീജിത്ത്.ആർ, രാജു ഭവൻ |
| 3 | കിച്ചൂസ് പൗൾട്രി ഫാം | അർച്ചന, ഉദയ ഭവൻ |

മേൽ പ്രകാരം 2019-20 ൽ ആകെ 5 ഫാമുകൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1 പൗൾട്രി ഫാം മാത്രമാണുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.38/21.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 ൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയിന്മേലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അനുമതിയ്ക്കായി ഫോറം 1 പ്രകാരമുള്ള അപേക്ഷ നൽകിയിട്ടില്ലായെന്നും ഇക്കാര്യത്തിലുണ്ടായ വീഴ്ച തുടർന്ന് സംഭവിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ മുകളിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളെല്ലാം തന്നെ പൗൾട്രി ഫാമുകളായി പ്രവർത്തിക്കുന്നവയാണെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉണ്ടായ പിഴവ് ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുവന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പൗൾട്രി ഫാമുകൾക്കും ലൈസൻസ്/അനുമതി നൽകേണ്ടതും അനധികൃതമായി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരം ഉൾപ്പെടുത്തുന്നതിന് കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 266, 1999-ലെ കേരള പഞ്ചായത്ത്‌രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 ൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഒന്നും തന്നെ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളതായി കാണുന്നില്ല. 2018-19 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള കാസ് ട്യൂഷൻ സെന്റർ 2019-20 ൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രജിസ്ട്രേഷനും 2019-20 ൽ പ്രവർത്തിച്ചിരുന്ന വേദാസ് ട്യൂഷൻ സെന്ററിന്റെ രജിസ്ട്രേഷനും പുതുക്കി നൽകാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/21.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കാസ് ട്യൂഷൻ സെന്റർ 2019-20 ൽ പ്രവർത്തനം നടത്തിയിട്ടില്ലെന്നും വേദാസ് ട്യൂഷൻ സെന്റർ അധ്യയന വർഷം പൂർത്തിയാകും മുന്നേ പ്രവർത്തനം നിർത്തുകയും ചെയ്തതായും അറിയിച്ചിരിക്കുന്നു. കൂടാതെ, പുതിയ അധ്യയന വർഷം പ്രവർത്തനത്തിലുള്ള സ്ഥാപനങ്ങൾ കണ്ടെത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയത് നടപ്പിലാക്കേണ്ടതും മേൽ സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയത് സംബന്ധിച്ച ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

## 1-18 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ

1. 1997 ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ 2019-20 ൽ രജിസ്ട്രേഷൻ പുതുക്കിയ ചുവടെ പറയുന്ന സ്ഥാപനങ്ങൾ പ്രസ്തുത സമയക്രമം പാലിച്ചിട്ടില്ല.

| രജിസ്ട്രേഷൻ നം. | ലൈസൻസിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷാതീയതി | റിമാർക്സ് |
|---|---|---|---|---|
| 1714 | ഡോ.അൻസി.എസ്, ആർ.കെ.ഹൗസ് | നിഹാൻസ് മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക് | 18.03.2020 | അനുബന്ധരേഖകളൊന്നും തന്നെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. |

2. 2019-20 ൽ പ്രവർത്തനം ആരംഭിച്ച സ്വകാര്യ ക്ലിനിക്കിന് (ലൈസൻസിയുടെ പേര് -ഡോ. സതീഷ് കുമാർ.സി, ശിവഗംഗ) രജിസ്ട്രേഷൻ അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/21.12.2021-ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 ൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ ഉടമ വിദേശത്ത് ആയിരുന്നതിനാലാണ് യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്നതെന്നും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടുണ്ടെന്നും നിർദ്ദേശപ്രകാരം ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ക്രമ നം. 2 പ്രകാരമുള്ള സ്ഥാപനത്തിന് രജിസ്ട്രേഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അപേക്ഷയും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 ലേലം-നടപടിക്രമങ്ങളിലെ അപാകതകൾ

2019-2020 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലേലവുമായി ബന്ധപ്പെട്ട് കെ.എഫ്.സി വാല്യം 2 ഫോറം നം.20 ൽ ഒരു ലേല രജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഒപ്പുവെയ്ക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പരിപാലിക്കുന്ന ലേല രജിസ്റ്റർ അപ്രകാരമുള്ളതല്ല. കൂടാതെ രേഖപ്പെടുത്തലുകളിൽ പല അപാകതകളും കാണുന്നു. ലേല ഡയറി പ്രകാരം ലേലത്തിൽ പങ്കെടുത്തിട്ടുള്ളവരുടെ വിവരങ്ങളല്ല ലേലരജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി, 29.10.19-ൽ നടന്ന പേരുമല എൽപി സ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ മേലാദായം സംബന്ധിച്ച ലേലത്തിൽ പങ്കെടുത്ത, ലേലഡയറി പ്രകാരമുള്ള നാജസ്, കിഴക്കുംകര വീട് എന്ന വ്യക്തിയ്ക്കു പകരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് എ) വസന്തകുമാരി, അശ്വതി ഭവൻ, ബി) ലൈലാബീവി, ചന്തവിള വീട് എന്നിവരുടെ പേരുകളാണ്.

2. കെ.എഫ്.സി വാല്യം 1 ആർട്ടിക്കിൾ 156 എ പ്രകാരം ലേലം ഉറപ്പിച്ചു നൽകുന്ന ആളുടെയൊഴികെയുള്ളവരുടെ ഇഎംഡി ലേലം കഴിഞ്ഞയുടനെ തന്നെ തിരികെ നൽകേണ്ടതാണ്. എന്നാൽ മേൽ ലേലത്തിൽ പങ്കെടുത്തതും ലേലം അംഗീകരിക്കാത്തതുമായ നാജസ്, കിഴക്കുംകര വീട് എന്ന വ്യക്തിയ്ക്ക് ലേലസമയത്ത് തന്നെ ഇഎംഡി തുകയായ 200/- രൂപ തിരികെ നൽകിയതായി രേഖയില്ല. ആയതിനാൽ ടിയാൾക്ക് ഇഎംഡി തുക തിരികെ നൽകിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. ലേലം അന്തിമമായി അംഗീകരിച്ചത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് നിശ്ചിത തീയതിയ്ക്കകം 200/-രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതേണ്ടതായിരുന്നു. എന്നാൽ ചുവടെ പറയുന്ന ഇനത്തിൽ ലേലം കൈക്കൊണ്ടവർ ആരും തന്നെ ഉടമ്പടി എഴുതിയിട്ടില്ല.

| ക്രമ നം. | ഇനം |
|---|---|
| 1 | കല്ലുങ്കിൻമുഖം പബ്ലിക് മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവും തറവാടകയും |
| 2 | വെള്ളുമണ്ണടി പബ്ലിക് മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവും തറവാടകയും |
| 3 | വെള്ളുമണ്ണടി ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളുടെ മേലാദായം |

4. കൂടുതൽ പ്രചാരമുള്ള 3 ദിനപത്രങ്ങളിൽ ചുരുക്ക വിവരണവും വെബ്സൈറ്റിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി ലേലപരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷം പഞ്ചായത്തിൽ നടത്തിയിട്ടുള്ള ലേലങ്ങളുടെ

പരസ്യങ്ങളൊന്നും തന്നെ പത്രങ്ങളിൽ നൽകിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.29/20.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ.എം.ഡി തിരികെ നൽകിയതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും കെ.എഫ്.സി അനുശാസിക്കും പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 പട്ടികജാതി/പട്ടികവർഗ്ഗ മേഖലാ പ്രോജക്ടുകൾ- അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ മേഖലാ പ്രോജക്ടുകൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

## 1-20-1 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - സി.പി.ആർ.സി.എസ്. നിരക്കിനേക്കാൾ കൂടിയനിരക്കിൽ വാങ്ങി

പ്രോജക്ട് നം. - 57/20 (പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് )

അടങ്കൽ - 489600/- (വികസനഫണ്ട് SCP)

ചെലവ് - 408000/- (ബിൽ നം.8/7.11.2019)
നിർവ്വഹണം – അസി.സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ബിരുദ/ ബിരുദാനന്തര/ഡിപ്ലോമ/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടിന് വേണ്ടി ടെൻഡർ ക്ഷണിച്ചതിൽ കുറവ് ടെൻഡർ സമർപ്പിച്ച ഹൈഡ്രജൻ ഇൻഫോകോം, കൊല്ലം എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. സർക്കാർ സി.പി.ആർ.സി.എസ്. നിരക്കിനേക്കാൾ കുറവ് റേറ്റായതിനാലും, സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് ആയതിനാലും എന്ന കാരണത്താലാണ് ഭരണസമിതി പ്രസ്തുത ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്(22.10.2019ലെ തീരുമാനം നം. 1-5). 27200/- രൂപ നിരക്കിൽ 15 ലാപ് ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20.01.2020 ലെ സർക്കുലർ നം. ഡി.എ.1/363/2019/ത.സ്വ.ഭ.വ. പ്രകാരം ലാപ്ടോപ്പുകൾ CPRCS പോർട്ടലിൽ നിന്നുതന്നെ വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. UBUNTU ഓപ്പറേറ്റിംഗ് സിസ്റ്റം മോഡലിന് 22,895/- രൂപയും, Windows Home ഓപ്പറേറ്റിംഗ് സിസ്റ്റം മോഡലിന് 27,722/-രൂപയുമാണ് അനുവദനീയ നിരക്ക്. എന്നാൽ ഹൈഡ്രജൻ ഇൻഫോകോം UBUNTU ഓപ്പറേറ്റിംഗ് സിസ്റ്റം മോഡലിനാണ് 27200/- രൂപ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് CPRCS നിരക്കിനെക്കാൾ കൂടുതലാണ്.

2. ലഭ്യമാക്കിയ ബില്ലിൽ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. സർക്കാർ നിർദ്ദേശം പാലിക്കാതെ ലാപ്ടോപ്പ് വാങ്ങിയതിലൂടെ ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായതായി കാണുന്നു.

| | |
|---|---|
| പ്രോജക്ട് പ്രകാരം ഹൈഡ്രജൻ ഇൻഫോകോമിന് നൽകിയ തുക - | 408000/- (27200 * 15) |
| CPRCS പ്രകാരം 15 UBUNTU ഓപ്പറേറ്റിംഗ് സിസ്റ്റം മോഡൽ ലാപ് ടോപ്പിന്റെ വില - | 343425/-രൂപ (22895 * 15) |
| അധികം ചെലവഴിച്ച തുക - | 64575/- രൂപ |

സെൻട്രലൈസ്ഡ് പ്രൊക്യുയർമെന്റ് പോർട്ടലിലെ പ്രൈസ് ലിസ്റ്റിനേക്കാളും കുറഞ്ഞനിരക്കിൽ നിശ്ചിത സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പ് ഇതരമാർഗ്ഗത്തിൽ ലഭിക്കുമെന്നതിനാലാണ് ടെണ്ടർ മുഖേന വാങ്ങിയതെന്നുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ സാധിക്കില്ല. ഇതിന്മേൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.65) മിഡ് ലെവൽ ലാപ്ടോപ്പിനെക്കാൾ കുറഞ്ഞ ഫീച്ചേഴ്സാണ് സി.പി.ആർ.സി.എസ്-ൽ ഉള്ളതെന്ന ബോധ്യപ്പെട്ടതിനാലാണ് പ്രസ്തുത ലാപ്ടോപ്പ് തെരഞ്ഞെടുക്കാത്തതെന്ന് മറുപടി ലഭ്യമാക്കി. സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പാണോ ലഭ്യമാക്കിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20-2 കട്ടിൽ വാങ്ങിനൽകൽ- ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. - 58/20 (പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വയസ്സ്കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകൽ)

അടങ്കൽ - 491550/- (വികസനഫണ്ട് SCP)

ചെലവ് - 441180/-

നിർവ്വഹണം – അസി.സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ട് പ്രകാരം കട്ടിലൊന്നിന് നികുതിയുൾപ്പെടെ 4085/-രൂപ നിരക്കിൽ 108 കട്ടിലുകൾ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിതരണ സ്ഥാപനത്തിൽ നിന്നും ആകെ ചെലവ് തുകയുടെ 2% ടി.ഡി.എസ്. ഈടാക്കേണ്ടതുണ്ടെങ്കിലും കുറവ് തുകയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കട്ടിലൊന്നിന് 4085/-രൂപ നിരക്കിൽ 108 കട്ടിലുകളുടെ വില | 441180/- |
| സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട ടി.ഡി.എസ് | 8824/- (441180 ന്റെ 2%) |
| ഈടാക്കിയ തുക | 7478/- രൂപ |
| ഈടാക്കിയതിൽ കുറവ് | 1346/- |

ടി.ഡി.എസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി.ഡി.എസ് ഈടാക്കിയതിൽ കുറവ് വന്ന 1346/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 1-20-3 മറ്റ് സ്രോതസ്സുകളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പാക്കാതെ ആനുകൂല്യം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ലായെന്നത് ഉറപ്പാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 57/20 (പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്) | 489600/- | 408000/- |
| 2 | 58/20 (പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വയസ്സ്കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകൽ) | 491550/- | 441180/- |
| 3 | 116/20 (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ) | 35000/- | 34650/- |

മറ്റ് സ്രോതസ്സുകളിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചത് നഷ്ടമായെന്നും, ആയത് അധികാരികളിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20-4 ഗാർഹികകുടിവെള്ള കണക്ഷൻ- മുൻവർഷങ്ങളിൽ കണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു

ഗാർഹിക കുടിവെള്ള കണക്ഷന് ധനസഹായം നൽകുന്നതിനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | അടങ്കൽ / ചെലവ് | അപാകത | ലഭ്യമാക്കിയ വിശദീകരണം (ഓഡിറ്റ് എൻക്വയറി 35/21.12.2021-ന്റെ മറുപടി) |
|---|---|---|---|

| | | | |
|---|---|---|---|
| 80/20 (ഗാർഹിക കുടിവെള്ള കണക്ഷൻ- പട്ടികജാതി വിഭാഗം) | 225000/-, (വികസനഫണ്ട്- SCP) 67500/- | 1. വാട്ടർ കണക്ഷന് ആനുകൂല്യം നൽകിയ ശ്രീ.ശങ്കരൻ എന്ന ഗുണഭോക്താവ് ഏകദേശം ഒരു വർഷം മുൻപ് (17.12.2018 ന് ) വാട്ടർകണക്ഷൻ എടുത്തതിന്റെ രേഖകളാണ് സമർപ്പിച്ചിരിക്കുന്നത്<br>2. ശ്രീ.ചെല്ലപ്പൻ എന്ന ഗുണഭോക്താവ് വാട്ടർകണക്ഷൻ എടുത്തതായി ലഭ്യമാക്കിയ വാട്ടർഅതോറിറ്റി ബില്ല് ശ്രീ.ഷാജി,പി.വി.ഹൌസ്, പനയമുട്ടം എന്ന വ്യക്തിയുടേത് തിരുത്തിയതാണ് | 1. മുൻവർഷം ശ്രീ.ശങ്കരന് ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നെങ്കിലും ഗുണഭോക്തൃലിസ്റ്റിലെ പിശകുകാരണം ലിസ്റ്റിൽ ഉൾപ്പെട്ട് വന്നില്ലായിരുന്നു.<br>2. ബില്ലിലെ തിരുത്തൽ വാട്ടർ അതോറിറ്റിക്ക് പറ്റിയ തെറ്റ് തിരുത്തിയതെന്നും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നുമാണ് വിശദീകരണം |
| 117/20 (ഗാർഹികകുടിവെള്ള കണക്ഷൻ- പട്ടികവർഗ്ഗ വിഭാഗം) | 132778/-, (വികസനഫണ്ട് TSP) 99962/- | 2017-18 സാമ്പത്തികവർഷം വാട്ടർകണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത് | മുൻവർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ വിട്ടുപോയവരാണ് ഗുണഭോക്താക്കളെന്നാണ് മറുപടി |

അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം നൽകാൻ ശ്രമിക്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ആസ്തി കയ്യേറ്റം- തുടർനടപടി കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്തിലെ വസ്തു കയ്യേറ്റം സംബന്ധിച്ചുള്ള പരാതിയിന്മേൽ ചുവടെ ചേർക്കും പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

| ഭരണസമിതി തീരുമാനം നം. | തീരുമാനം |
|---|---|
| 29.01.2020<br>13-1 | ഗ്രാമപഞ്ചായത്തിലെ പന്തപ്ളാവിക്കോണം വാർഡിലെ പുറമ്പോക്ക് ഭൂമി ശ്രീമതി.ഷാഹനാ ബീവി, മുനീർ മൻസിൽ, നെല്ലനാട് പി.ഒ എന്നയാൾ കൈയേറി അതിർത്തികല്ലുകൾ മാറ്റി സ്ഥാപിച്ചതായുള്ള പരാതി- സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനു വേണ്ടി നടപടി സ്വീകരിക്കുവാൻ നെടുമങ്ങാട് താലൂക്ക് സർവ്വേയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 13-2 | വെള്ളുമണ്ണടി വാർഡിൽ വെള്ളുമണ്ണടി-ഓലിക്കര-കട്ടയ്ക്കാൽ നടവഴിയുടെ ഇരുവശങ്ങളിലുമുള്ള പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിയിട്ടുള്ളതായി പ്രദേശവാസികളിൽ നിന്നും ലഭിച്ച പരാതി - വെള്ളുമണ്ണടി-ഓലിക്കര-കട്ടയ്ക്കാൽ നടവഴിയുടെ ഇരുവശങ്ങളിലുമുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ചു നൽകുവാൻ നെടുമങ്ങാട് ഭൂരേഖ തഹസിൽദാരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 16.12.2019<br>14-2 | തേമ്പാമൂട് വാർഡിൽ ബ്ലോക്ക് നമ്പർ 22ൽ 7/16,7/13 എന്നീ സർവ്വേ നമ്പരിനു സമീപം ശ്രീ.ഖാദർ,എം.കെ ഹോളോബ്രിക്സ്, മുക്കുടിൽ പി.ഒ എന്നയാൾ പി.ഡബ്ള്യു.ഡി റോഡ് പുറമ്പോക്കും, തോട് പുറമ്പോക്കും കൈയേറുന്നതിനായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുന്നിക്കോട് തോട് മണ്ണിട്ട് നികത്തി നീരൊഴുക്കിന്റെ ഗതി തിരിച്ചു വിട്ടതും, റോഡ് പുറംപോക്കിൽ നിന്നിരുന്ന 2 മീറ്ററിലധികം ചുറ്റുവണ്ണമുള്ള ഒരു വട്ട മരം അനധികൃതമായി മുറിച്ചു കടത്തിയിയതും - അടിയന്തിരമായി ടിയാന്റെ ഭൂമി അളന്നു തിട്ടപ്പെടുത്തി പുറമ്പോക്ക് ഭൂമി നിശ്ചയിച്ച് നൽകുന്നതിന് നെടുമങ്ങാട് തഹസിൽദാറിനോട് (എൽ.ആർ) അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

| | |
|---|---|
| 15.05.2019<br>9-6 | മുത്തിപ്പാറ വാർഡിലെ മൂന്ന് തോട് -പുലിമുട്ടകോണം -മേക്കുംകര പ്രദേശത്ത് ഇടത് ഭാഗത്തായുണ്ടായിരുന്ന തോട്ടം നടവരമ്പും ചില വ്യക്തികൾ കൈയ്യേറി തോട് നികത്തി കൃഷി ഇറക്കിയിരിക്കുകയാണെന്നും ടി കാരണത്താൽ തോട്ട് വരമ്പ് ഇല്ലാതായി വഴി നടക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണെന്നുമുള്ള പ്രദേശവാസികളുടെ പരാതി - തോട്ടം തോട്ട് വരമ്പും അളന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ടി താലൂക്ക് സെർവ്വേയർക്ക കത്ത് നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു. |

ഇതിന്മേൽ തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (32/20.12.2021) മറുപടിയിൽ പന്തപ്ലാവിക്കോണം വാർഡിലെ പുറമ്പോക്ക് ഭൂമിയൊഴികെ മറ്റുള്ളവ അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ അന്യാധീനപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ പുരോഗതി വിലയിരുത്താൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

## 1-22 നടപ്പാത ഇന്റർലോക്കിംഗ് - IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല

പ്രോജക്ട് നം. - 136/20 (വേങ്കമല എസ്.ടി.കോളനിയിൽ നടപ്പാതയും ഇന്റർലോക്കിംഗും)

എസ്റ്റിമേറ്റ് - 150000/-

ചെലവ് - 63678/-

കരാറുകാരൻ - ശ്രീ.ഷിബുകുമാർ.എം (0.1% കുറവ് നിരക്ക്)

എം.ബുക്ക് നം. - 371/2019-20
നിർവ്വഹണം – അസി.എഞ്ചിനീയർ

1.5 മീറ്ററിൽ താഴെ മാത്രം വീതിയുള്ള കോളനി നടപ്പാത ഇന്റർലോക്കിംഗിന് 60mm കനത്തിലുള്ള പേവ്മെന്റ് ബ്ലോക്കിന് പകരം 80mm കനത്തിലുള്ള ബ്ലോക്ക് ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതിന് വിശദീകരണമാവശ്യപ്പെട്ടതിന്, പ്രസ്തുത നടപ്പാത കുത്തനെ കയറ്റത്തിൽ സ്ഥിതിചെയ്യുന്നതിനാൽ കോൺക്രീറ്റിംഗ് നടത്താൻ സാധിക്കാത്തതിനാലാണ് 80 Mm ഇന്റർലോക്ക് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ (063) 3 മീറ്ററിൽ താഴെ വീതിയുള്ള നടപ്പാത, റസിഡൻഷ്യൽ റോഡുകൾ എന്നീ ലൈറ്റ് വെഹിക്കിൾ ട്രാഫിക്ക് ഉള്ള റോഡുകളിൽ 60mm കനത്തിലുള്ള പേവ്മെന്റ് ബ്ലോക്കും, സ്മാൾ, മീഡിയം ട്രാഫിക്ക് ഉള്ള റോഡുകളിൽ 80mm കനത്തിലുള്ള പേവ്മെന്റ് ബ്ലോക്കുകളും ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. മേൽ നിർദ്ദേശം പാലിക്കാതെ 60mm ഇന്റർലോക്കിന് പകരം 80mm ഇന്റർലോക്ക് ഉപയോഗിച്ചതിനാൽ അധിക ചെലവുണ്ടായിരിക്കുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ്ഭവന പദ്ധതി ഹോളോബ്രിക്ക് യൂണിറ്റ് - നിഷ്ക്രീയ ആസ്തി

പ്രോജക്ട് നം. - 183/20 (ലൈഫ് ഭവനപദ്ധതി ഹോളോബ്രിക്ക് യൂണിറ്റ് വർക്ക്ഷെഡ് നിർമ്മാണം)

അടങ്കൽ - 498000/-
വികസന ഫണ്ട് (ജനറൽ)

ചെലവ് - 404852/- (ബിൽ നം.8/19.8.2019)

ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലൈഫ് ഭവന പദ്ധതിക്കായി കുറഞ്ഞനിരക്കിൽ ഹോളോബ്രിക്ക്സ് നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ഹോളോബ്രിക്ക് യൂണിറ്റ് വർക്ക് ഷെഡ് നിർമ്മിച്ചതിനായി 2019-20 വർഷം 404852/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹോളോബ്രിക്ക് യൂണിറ്റ് നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല. നിർമ്മിച്ച വർക്ക് ഷെഡ് നിഷ്ക്രീയാസ്തിയായി മാറിയിരിക്കുകയാണ്.

പ്രസ്തുത യൂണിറ്റിനായി യന്ത്രസാമഗ്രികളും മറ്റും വാങ്ങാനായി മറ്റ് ഏജൻസികളിൽ നിന്ന് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം, യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന് കാരണം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 എ.ഇ. ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം- ലോഗ്ബുക്ക് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം. - 73/20

അടങ്കൽ - 150000/- (തനത് ഫണ്ട്-100000/- , മെയിന്റനൻസ് ഫണ്ട്(NR)-50000/-)

ചെലവ് - 56000/-(Bill 40/28.2.2020-28000/-, 43/30.3.2020-22,000/-,

ചെക്ക് നം. 313762/30.3.2020- 6,000/-)

എ.ഇ. ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.അനുലാൽ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട് (ഒരുമാസം 750 Km ന് 28000/-, 2 മാസത്തിൽ ആകെ 1500 കി.മി അധികരിച്ച ദൂരത്തിന് 12/km നിരക്ക്, വാഹന നം. KL-21-N-2791). പ്രോജക്ട് പ്രകാരം 56000/- രൂപ ശ്രീ.അനുലാലിന് നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ തുക ചെലവഴിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധയ്ക്ക് ഉടൻ ലഭ്യമാക്കാമെന്നാണ് ഇത് സംബന്ധിച്ച് അസി.എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രവൃത്തി ഫയലിലും ടെണ്ടർ വിശദാംശം, വർക്ക് ബിൽ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പല പ്രവൃത്തി ഫയലിലും മറ്റൊന്നിന്റെ എസ്റ്റിമേറ്റാണ് ഫയൽ ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ചില ഫയലുകളുടെ യഥാർത്ഥരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിദാംശം ചുവടെ ചേർക്കുന്നു.

I. പ്രോജക്ട് നം. - 195/20 (വിവിധ സ്കൂളുകളിൽ ഷീടോയ്ലെറ്റ് നിർമ്മാണം)

അടങ്കൽ - 734839/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ് - 645366/-

കരാറുകാരൻ - ശ്രീ.ഷിബുകുമാർ.എം

വിവിധ സ്കൂളുകളിൽ ഷീ ടോയ്ലെറ്റ് നിർമ്മാണം എന്ന പ്രോജക്ടിന് 645366/-രൂപ 2019-20 വർഷം ചെലവഴിച്ചിട്ടുണ്ട് (ചെലവ് പത്രിക പ്രകാരം). എം-ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 645366/- രൂപയാണ്. എന്നാൽ 562049/- രൂപയുടെ ബില്ല് മാറിയതിന്റെ വിശദാംശം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. കൂടാതെ ഇ-ടെണ്ടർ കംപാരറ്റീവ് സ്റ്റേറ്റ്മെന്റും സൂക്ഷിച്ചിട്ടില്ല.

Ii. പ്രോജക്ട് നം. - 87/20 (കുത്ത്പറമ്പ് റോഡ്സൈഡ് കോൺക്രീറ്റിംഗ്)

അടങ്കൽ - 500000/-

ചെലവ് - 379845/-

മേൽ പ്രവൃത്തിയുടെ ഫയലിൽ ടെണ്ടർ ലഭിച്ചതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും, മറ്റൊരു പ്രവൃത്തിയുടെ (പ്രോജക്ട് നം. 74/20 (കുവപറമ്പ് സൈഡ് വാൾ നിർമ്മാണം)) ടെണ്ടർ വിശദാംശമാണ് ലഭ്യമാക്കിയത്.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ചെലവ് രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവു തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-26 മരാമത്ത് പ്രവൃത്തി- കരാറുകാരിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്

വിവിധ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കാനും, പ്രവൃത്തി പൂർത്തീകരണത്തിനും കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

1. കരാറുടമ്പടിക്ക് കാലതാമസം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കരാറുടമ്പടി വച്ചില്ലായെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കേണ്ടതും, പിഴയോടുകൂടിയ 10 ദിവസം കഴിഞ്ഞും കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതുമാണ്. എന്നാൽ നിശ്ചിതസമയത്തിനുള്ളിൽ കരാറുറപ്പിക്കാത്ത ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കാതെ പ്രവൃത്തി നിർവ്വഹണം നടത്താൻ അനുവദിക്കുകയാണുണ്ടായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ കരാറുകാരൻ/ അടങ്കൽ | എസ്റ്റിമേറ്റ് | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | പിഴകൂടാതെ കരാറിലേർപ്പെടേണ്ട തീയതി | കരാറിലേർപ്പെട്ട തീയതി | കാലതാമസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 53/20<br>ശ്രീ.രവീന്ദ്രൻ നായർ | 4,00,000/- | 21.9.2019 | 5.10.2019 | 30.10.2019 | 25 Days |
| 87/20<br>ശ്രീ.അരുൺ.എസ് | 5,00,000/- | 26.8.2019 | 9.9.2019 | 30.9.2019 | 21 Days |
| 160/20<br>ശ്രീ.ഷിബുകുമാർ.എം | 4,14,000/- | 18.1.2019 | 1.2.2019 | 22.2.2019 | 20 Days |

2. സമയപരിധിക്കുള്ളിൽ പണി പൂർത്തീകരി ച്ചില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/ 01.02.2012) പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന്, ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കകം അപേക്ഷിക്കാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്താവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലുമാണ്. ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാർ ദീർഘീകരണത്തിന് അപേക്ഷ സമർപ്പിക്കുകയോ, കരറുകാരൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയ തീയതി | പൂർത്തീകരണ കാലാവധി | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 198/20 (പാലാംകോണം വില്ലേജ് ഓഫീസ്-ചിറത്തലയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്) | 18.9.2018 | 3 മാസം | 17.12.2018 | 13.5.2019 | 298439 | 8953/- (പ്രവൃത്തിമൂല്യത്തിന്റെ 3%) |
| 188/20 (പന്തപ്ലാവിക്കോണം റോഡ് റീടാറിംഗ്) | 18.9.2018 | 3 മാസം | 17.12.2018 | 17.3.2019 | 558825 | 5588/- (പ്രവൃത്തിമൂല്യത്തിന്റെ 1%) |

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് കരാറുകാരിൽ നിന്ന് പിഴ ഈടാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അടിയന്തിരമായി പിഴ ഈടാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-27 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 25 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 1 | പിച്ചിമംഗലം |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 | പിച്ചിമംഗലം, ചുള്ളാളം, മരുതുംമൂട്, കുനൻവേങ്ങ, ധൂളിക്കുന്ന് |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | പിച്ചിമംഗലം |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 5 | പിച്ചിമംഗലം, ചുള്ളാളം, മരുതുംമൂട്, കുനൻവേങ്ങ, വെള്ളുമണ്ണടി |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 25 | എല്ലാ അങ്കണവാടികളും |

| | | | |
|---|---|---|---|
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | മറുപടി നൽകിയിട്ടില്ല | |
| 7 | കളിസ്ഥലം ഇല്ലാത്തവ | 23 | തേമ്പാമൂട്, വട്ടയം അങ്കണവാടികൾ ഒഴികെയുള്ളവ |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 0 | |
| 9 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | 0 | |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 25 | എല്ലാ അങ്കണവാടികളും |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 20 | ചക്കക്കാട്, വാദ്ധ്യാരുകോണം, പുല്ലമ്പാറ, മലവിള, വട്ടയം അങ്കണവാടികൾ ഒഴികെയുള്ളവ |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 25 | എല്ലാ അങ്കണവാടികളും |
| 13 | വൈദ്യുതി ഇല്ലാത്തവ | 0 | |
| 14 | Baby Weighing Machine/salter Scale/ Platform Weighing Scale | 0 | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 25 | എല്ലാ അങ്കണവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 15 | വിശദാംശം ലഭ്യമാക്കിയിട്ടില്ല |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | 0 | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 0 | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | 0 | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 0 | |
| 21 | ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 24 | വട്ടയം അങ്കണവാടി ഒഴികെയുള്ളവ |
| 22 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | 22 | നാഗരുകുഴി, തെള്ളിക്കച്ചാൽ, വെള്ളമണ്ണടി അങ്കണവാടികൾ ഒഴികെയുള്ളവ |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 0 | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 1 | പാലാംകോണം |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 0 | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 25 | എല്ലാ അങ്കണവാടികളും |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.05/16.12.2021) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ലഭ്യമാക്കിയ മറുപടി പ്രകാരം ആകെയുള്ള 25 അങ്കണവാടികളിൽ 24 എണ്ണത്തിലും ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലായെന്നും മുഴുവൻ അങ്കണവാടികളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ആയത് പരിഹരിക്കേണ്ടതും അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ ലഭിക്കാത്തതിനാൽ നാളിതുവരെ കമ്മിറ്റി രൂപീകരിക്കുകയോ യോഗങ്ങൾ നടത്തുകയോ ചെയ്തിട്ടില്ലായെന്നും തുടർന്നുള്ള കാലങ്ങളിൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി.എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി 2019-20 വർഷം എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെന്നും ചില മാസങ്ങളിൽ മറ്റംഗങ്ങളുടെ അസൗകര്യം നിമിത്തം മീറ്റിംഗ് നടക്കാറില്ലെന്നും അറിയിച്ചിരിക്കുന്നു. യോഗം ചേർന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. മാസത്തിലൊരിക്കൽ എന്ന കണക്കിൽ കമ്മിറ്റിയുടെ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അങ്കണവാടികളുടെ കുടിവെള്ള ശുദ്ധത ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ യഥാകാലം നൽകാറുണ്ടെന്നും പൊതുജന പങ്കാളിത്തത്തിലൂടെയും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും കിണറുകളും ജലസംഭരണികളും ശുചിയാക്കാൻ വാർഡ് ജനപ്രതിനിധികളും ശ്രദ്ധിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു.

5) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം 2019 – 20 ൽ Monthly Progress Report, ഖണ്ഡിക 4.2.2. പ്രകാരം Annual Progress Report എന്നിവ അങ്കണവാടി തലത്തിൽ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന്, Monthly Progress Report കളും Annual Progress Report ഉം തയ്യാറാക്കിയിട്ടുണ്ടെന്നും Excel വിവരങ്ങളായി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ Www.wcd.nic/icds.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

6) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട യോഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ, തുടർന്നുള്ള വികസന സെമിനാറുകൾ, ഗ്രാമസഭകൾ എന്നിങ്ങനെ ആസൂത്രണ പ്രക്രിയയുടെ ഭാഗമായി വരുന്ന എല്ലാ നടപടിക്രമങ്ങളിലും അങ്കണവാടി പ്രവർത്തകർ, ഐസിഡിഎസ് സൂപ്പർവൈസർ കൃത്യമായി പങ്കെടുക്കാറുണ്ടെന്നും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതകൾ നിർദ്ദേശിച്ച് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് രജിസ്റ്ററുകളിൽ ചേർത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

7) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (lii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നിരീക്ഷണ കമ്മിറ്റി പ്രത്യേകം രൂപീകരിച്ചിട്ടില്ല. മേൽ പരിശോധനയ്ക്ക് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി നേതൃത്വം നൽകുന്നുണ്ടെന്നും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ പഞ്ചായത്ത് ആവശ്യപ്പെടുന്ന വേളയിൽ കൃത്യമായി പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

8) സർക്കുലർ നം 31055/ഡിസി12/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും കൃത്യമായി വാങ്ങാറുണ്ടെന്നും പദ്ധതി രൂപീകരണവേളയിൽ അങ്കണവാടി പ്രവർത്തകരുടെ യോഗം ചേർന്ന് അങ്കണവാടികൾക്ക് ആവശ്യമായ മെയിന്റനൻസ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി നൽകാറുണ്ടെന്നും അറിയിച്ചിരിക്കുന്നു.

എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫിറ്റ്നെസ് റിപ്പോർട്ടുകൾ പ്രകാരം, 2018-19 മുതൽ ചുള്ളാളം അങ്കണവാടിക്ക് (നം.59) ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ആകെയുള്ള 25 അങ്കണവാടികളിൽ 2020-21 ൽ 22 എണ്ണത്തിനും 2021-22 ൽ 20 എണ്ണത്തിനും മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. ഫിറ്റ്നസ് ലഭിക്കാത്ത അങ്കണവാടികളുടെ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

9) 2019-20 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയത് 2020-21 ന് നടത്തിയ പരിശോധനയുടെ ലാബ് റിപ്പോർട്ടാണ്. അതിനാൽ 2019-20 വർഷം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചത് സംബന്ധിച്ച രേഖയില്ല. കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ജാഗ്രത സമിതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

ജാഗ്രത സമിതി മാർഗരേഖ സ.ഉ. (എം.എസ്) 21/07/സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ചചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.

രണ്ട് മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കുകയും ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കുകയും വേണം. ഭരണസമിതി തലത്തിലുള്ള മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്. ജാഗ്രത സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.06/16.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിൽ ജാഗ്രതാസമിതി സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും ധാരാളം കേസുകളിൽ ഇടപെടലുകൾ നടത്തി വരുന്നുണ്ടെന്നും പഞ്ചായത്ത് തലത്തിൽ കൃത്യമായ അവലോകനയോഗങ്ങളും ചേർന്ന് മിനിട്സ് രേഖപ്പെടുത്താറുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ജാഗ്രത സമിതി മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ആയത് പ്രാവർത്തികമാക്കേണ്ടതാണ്.

## 1-29 ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം - സബ്സിഡി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനായി 2,00,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററിന് വിവിധ മാസങ്ങളിൽ വേതനം നൽകുന്നതിന് വേണ്ടി മാത്രമാണ് 1,35,000/- രൂപ ചെലവഴിച്ചിരിക്കുന്നത്. സ്ത്രീകളുടെ സാമൂഹ്യ പദവി പഠനവുമായി ബന്ധപ്പെട്ട വിവരശേഖരണം പദ്ധതിയുടെ ഭാഗമായി നടത്തിയതായി കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററുടെ ജോലി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പഠനം പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/21.12.2021 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

സാമൂഹ്യ പദവി പഠനം പ്രാഥമിക വിവരശേഖരണം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എന്യൂമറേറ്റർമാർ പൂർത്തിയാക്കി. ദ്വിതീയ വിവരശേഖരണം കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ നടത്തി. എന്നാൽ 2020-21 ൽ കോവിഡ് പ്രതിസന്ധി മൂലം Focussed Group Discussion ഒന്നും തന്നെ നടത്താൻ സാധിക്കാത്തതിനാൽ സാമൂഹ്യ പദവി പഠനം പൂർണ്ണമാക്കിയിട്ടില്ല എന്നും പൂർത്തീകരിച്ച വിവരങ്ങൾ യോജിപ്പിച്ച് സോഫ്റ്റ് കോപ്പി ആയി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സോഫ്റ്റ് കോപ്പി ഓഡിറ്റിനെ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം എത്രയും വേഗം പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ) നം.22/2018/തസ്വഭവ, തീയതി. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.4.1 പ്രകാരം,

എ) ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷൻ, അസി.സെക്രട്ടറി, കൺവീനർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഡി.സി.എസ് ചെയർപേഴ്സൺ, 2 വനിതാ മെമ്പർമാർ,

സന്നദ്ധപ്രവർത്തകരായ വനിതകൾ, വിദഗ്ധർ അടക്കം 15 പേരെ ജെന്റർ റിസോഴ്സിന്റെ ആവശ്യത്തിനായി രൂപീകരിക്കാവുന്നതാണ്.

ബി) കൗമാരക്കാരായ പെൺകുട്ടികളുടെ കൗൺസിലിംഗിന് നിയോഗിക്കുന്നവരുടെ പ്രതിമാസ അവലോകനം ചേരേണ്ടതും റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് നൽകി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

സി) ഓരോ വർഷാവസാനവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാവിശകലന റിപ്പോർട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്.

മേൽ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പൂർണമല്ല. കൗമാരക്കാരായ പെൺകുട്ടികളുടെ സെഷനുകൾ കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ മുഖേനയും ചൈൽഡ് ലൈൻ മുഖേനയുമാണ് പ്രസ്തുത വർഷം നടത്തിയിട്ടുള്ളത് എന്ന മറുപടിയാണ് നൽകിയത്. മറ്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 നായ വന്ധ്യംകരണം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 1,51,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ : 90

പദ്ധതിയുടെ പേര് : നായ വന്ധ്യംകരണം

അടങ്കൽ തുക :1,51,200/-
(വികസനഫണ്ട് ജനറൽ 1,50,000/-, തനത് ഫണ്ട് 1200/-)

ചെലവ് തുക :1,51,200/-

ബിൽ നമ്പർ, തീയതി : 01/05.09.2019, ചെക്ക് നം – ലഭ്യമല്ല
നിർവ്വഹണം – വെറ്റിനറി സർജൻ

മേൽ പദ്ധതിയിൽ ഒരു നായയ്ക്ക് 2100/- രൂപ നിരക്കിൽ 72 നായകൾക്ക് 1,51,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവിനെ സാധൂകരിക്കുന്ന ചുവടെ വിവരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

1. നായകൾക്ക് നൽകിയ മരുന്നിന്റെ ചെലവിന്റെ രേഖകൾ

2.നായകൾക്ക് നൽകിയ ഭക്ഷണ ചെലവിന്റെ രേഖകൾ

3.നായകളെ വാഹനത്തിൽ കൊണ്ടുപോയ ചെലവിന്റെ രേഖകൾ

4.നായകളെ ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ ഫീസ് കൈപ്പറ്റ് രസീത്

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/2021, 22.12.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ലൈഫ് ഭവനപദ്ധതി - നിരാക്ഷേപ പത്രം സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിച്ചു

പദ്ധതി നമ്പർ: 173

പദ്ധതിയുടെ പേര്: ലൈഫ് ഭവനപദ്ധതി - പട്ടിക ജാതി വിഭാഗം

അടങ്കൽ തുക: 1,37,40,000/-

ചെലവ് തുക: 3,73,658/-
നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന പദ്ധതിയിൽ ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നുമുള്ള നിരാക്ഷേപ പത്രം സമർപ്പിക്കാതെ അവരുടെ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്.

1. ഓമന, വാലുപ്പാറ കുന്നിൽ, തേമ്പാംമൂട്, പുല്ലമ്പാറ, വാർഡ് III

2. വസന്ത എൽ, കിഴക്കുംകര പുത്തൻവീട്, പണ്ടാരത്തോട്, വെള്ളു മണ്ണടി,

3. രമണി, കുന്നിക്കോട്, റോഡരികത്ത് വീട്, പുല്ലമ്പാറ

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/2021, 21.12.2021) മറുപടിയായി ഫയലിൽ നിന്നും നിരാക്ഷേപ പത്രം നഷ്ടപ്പെട്ടതാണെന്നും അവ കണ്ടെത്തി ഫയലിൽ ഉൾപ്പെടുത്താമെന്നുമാണ് അറിയിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അപേക്ഷകൾ അതാത് രേഖകൾ സഹിതം ഫയലുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-32 കുള്ളസ് അറ്റകുറ്റ പണി ധനസഹായം നൽകൽ (ബി.പി.എൽ.) കുടുംബങ്ങൾക്ക് - തുക

## പൂർണ്ണമായി വിനിയോഗിച്ചില്ല

പദ്ധതി നമ്പർ: 177

പദ്ധതിയുടെ പേര്: കക്കൂസ് അറ്റകുറ്റ പണി ധനസഹായം നൽകൽ (ബി.പി.എൽ.) കുടുംബങ്ങൾക്ക്

അടങ്കൽ തുക: 2,86,440/-

ചെലവ് തുക: 1,26,960/-

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രസ്തുത പദ്ധതിയിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി.ജഗദമ്മ പി, ശിവ കൃഷ്ണ, വാർഡ് IX, ചുള്ളാളം, കുനൻ വേങ്ങ പി.ഒ എന്നവർ മേൽ പദ്ധതിയിലെ തുക പൂർണ്ണമായി വിനിയോഗിച്ചിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (24/2021, 18.12.2021) മറുപടിയായി ഗുണഭോക്താവിന്റെ വ്യക്തിപരമായ കാരണങ്ങളാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകിപ്പിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. രണ്ട് വർഷത്തിലധികമായി നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് പദ്ധതിയുടെ ലക്ഷ്യത്തെ ബാധിക്കുന്നതാണ്.

## 1-33 ലൈഫ് ഭവനപദ്ധതി - രജിസ്റ്റർ കാലികമാക്കിയില്ല

പദ്ധതി നമ്പർ:205

പദ്ധതിയുടെ പേര്: ലൈഫ് ഭവനപദ്ധതി (ജനറൽ)

അടങ്കൽ തുക: 8,24,84,215/-

ചെലവ് തുക: 2,59,94,505/-

നിർവ്വഹണം : വി.ഇ.ഒ

ലൈഫ് ഭവനപദ്ധതിയിൽ ചുവടെ വിവരിക്കുന്ന വ്യക്തികൾ വീട് നിർമ്മാണത്തിന്റെ അവസാന ഗഡു സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1. ഷിജി ഷാജഹാൻ, ബിസ്മി മൻസിൽ, മുക്കടിൽ വാർഡ് IX
2. ഷീബ, തടത്തരികത്ത് വീട്, വേങ്കമല, മുക്കടിൽ പി.ഒ. വാർഡ്X
3. സദാനന്ദനാശാരി, ആർ.എസ്.ഭവൻ, പിച്ചിമംഗലം, വെഞ്ഞാറമൂട് പി.ഒ., വാർഡ് XIII
4. നിസാമുദ്ദീൻ, ആലമുക്കിൽ വീട്, അലമുക്ക്, കുനൻ വേങ്ങ, വാർഡ് VIII
5. ലേഖ എസ്, മേലെ കണ്ണറ വീട്, പീച്ചിമംഗലം വാർഡ് XIII
6. ഉഷ സി, സജീനാ മൻസിൽ (ശ്രുതി ഭവൻ), പാലാംകോണം വാർഡ് XIII
7. സംഗീത ബി, കാവതിയോട്, തടത്തരികത്ത് വീട്, നാഗരുകുഴി വാർഡ് XIV
8. ഷാഹിത, സബിതാ മൻസിൽ, വെള്ളമണ്ണടി വാർഡ് XV

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/2021,18.12.2021) മറുപടിയായി രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ വിട്ടു പോയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാമെന്ന് അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിരുന്നു.

## 1-34 ആയൂർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ കാല താമസം

| | |
|---|---|
| പദ്ധതി നമ്പർ | 23 |
| പദ്ധതിയുടെ പേര് | ആയൂർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ |
| അടങ്കൽ തുക | 4,00,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് തുക | 4,00,000/- |
| ബിൽ നമ്പർ, തീയതി | 19/2019-'20, 18.07.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |

18.07.2019 ൽ നാല് ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 18.12.2020-ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 01 | 90123896 | 26.07.2019 | 52,916/- | 26.07.2019 |
| 02 | 90125374 | 31.07.2019 | 1,32,830/- | 31.07.2019 |
| 03 | 90129623 | 31.08.2019 | 98,732/- | 23.09.2019 |
| 04 | 90132872 | 30.09.2019 | 44,181/- | 15.10.2019 |
| 05 | 90135562 | 25.10.2019 | 55,408/- | 04.12.2019 |
| 06 | 90136681 | 30.10.2019 | 7,102/- | 06.01.2020 |
| 07 | 90141048 | 29.11.2019 | 8,244/- | 06.01.2020 |
| 08 | 90149197 | 28.01.2020 | 588/- | 18.12.2020 |
| | ആകെ | | 4,00,000/- | |

| | |
|---|---|
| പദ്ധതി നമ്പർ | 24 |
| പദ്ധതിയുടെ പേര് | വൃദ്ധ ജനരോഗ പ്രതിരോധ ചികിത്സാ പദ്ധതി |
| അടങ്കൽ തുക | 4,00,000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് തുക | 4,00,000/- |
| ബിൽ നമ്പർ, തീയതി | 20/2019-'20, 22.07.2019 |

22.07.2019 ൽ നാല് ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 29.11.2019ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90123893 | 26.07.2019 | 12,912/- | 31.07.2019 |
| 02 | 90125367 | 31.07.2019 | 1,43,669/- | 10.08.2019 |
| 03 | 90129700 | 31.08.2019 | 1,09,051/- | 23.09.2019 |
| 04 | 90132924 | 30.09.2019 | 91,748/- | 15.10.20219 |
| 05 | 90136597 | 30.10.2019 | 36,215/- | 06.01.2020 |
| 06 | 90141063 | 29.11.2019 | 6,405/- | 29.11.2019 |
| | ആകെ | | 4,00,000/- | |

| | |
|---|---|
| പദ്ധതി നമ്പർ | 25 |
| പദ്ധതിയുടെ പേര് | ആയുർവേദ ഔഷധം വാങ്ങൽ - പാലിയേറ്റീവ് കെയർ രോഗികൾക്ക് |
| അടങ്കൽ തുക | 2,00,000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് തുക | 2,00,000/- |
| ബിൽ നമ്പർ, തീയതി | 21/2019-'20, 18.07.2019 |

08.07.2019 ൽ രണ്ട് ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 06.01.220-ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90123894 | 26.07.2019 | 39,355/- | 31.07.2019 |
| 02 | 90125463 | 31.07.2019 | 38,494/- | 10.08.2019 |

| | | | | |
|---|---|---|---|---|
| 03 | 90129697 | 31.08.2019 | 47,269/- | 23.09.2019 |
| 04 | 90132926 | 30.09.2019 | 51,103/- | 15.10.2019 |
| 05 | 90136596 | 30.10.2019 | 20,822/- | 06.01.2020 |
| 06 | 90141062 | 29.11.2019 | 2,957/- | 06.01.2020 |
| | ആകെ | | 2,00,000/- | |

ഔഷധിയുമായി ഏർപ്പെട്ട കരാറിലെ ഒന്നാം ഖണ്ഡികയിലെ നിബന്ധന പ്രകാരം കരാറിലേർപ്പെട്ട് 60 ദിവസത്തിനകം മുഴുവൻ മരുന്നുകളും വിതരണം ചെയ്യുമെന്നും, അല്ലാത്ത പക്ഷം അതിന്റെ നഷ്ടോത്തരവാദിത്തം ഔഷധിക്ക് മാത്രമാണെന്നും നിഷ്കർഷിക്കുന്നുണ്ട്. മരുന്നുകൾ വിതരണം ചെയ്യാൻ വൈകിയ ഔഷധിക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (10/2021,16.12.2021) മറുപടിയായി മരുന്നുകൾ സ്റ്റോക്കിലില്ലാതിരുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിക്കുകയുണ്ടായി. ഇൻവോയ്സ് പ്രകാരം മരുന്നുകൾ ഉണ്ടെന്ന് അറിയിക്കുകയും വിതരണം ചെയ്യുന്ന സമയത്ത് മരുന്നുകൾ ഇല്ലെന്ന് അറിയിക്കുകയും ചെയ്യുന്നത് കരാർ ലംഘനമാണ്. ജീവൻ രക്ഷാ മരുന്നുകളുടെ വിതരണ കാര്യത്തിൽ മരുന്ന് കമ്പനികൾ കരാർ പ്രകാരം മരുന്നുകൾ വിതരണം ചെയ്യുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-35 ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും ഔഷധം വിതരണം ചെയ്തു

| | |
|---|---|
| പദ്ധതി നമ്പർ | 23 |
| പദ്ധതിയുടെ പേര് | ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ |
| അടങ്കൽ തുക | 4,00,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് തുക | 4,00,000/- |
| ബിൽ നമ്പർ, തീയതി | 19/2019-'20, 18.07.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം |

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്ത ചുവടെ വിവരിക്കുന്ന ഔഷധങ്ങൾ അവയുടെ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക | കാലഹരണ തീയതി | മരുന്നുകൾ വിതരണം ചെയ്ത തീയതി | മരുന്നിന്റെ പേര് | ബാച്ച് നമ്പർ |
|---|---|---|---|---|---|---|---|
| 01 | 90123896 | 26.07.2019 | 52916/- | 07/2020 | 16.08.2020 | പാദോലാദി ഗണം കഷായം | D 301810 |
| 02 | 90129623 | 31.08.2019 | 98732/- | 05/2020 | 03.07.2020 | ബരഹത്യാദി കഷായം | D 20182 |

കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2021,20.12.2021) മറുപടിയായി കാലഹരണ തീയതി മാറി പോയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് ഇത് അംഗീകരിക്കുന്നില്ല. മരുന്നുകളുടെ വിതരണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പുലർത്തേണ്ടതും, കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യാതിരിക്കുന്നതിന് പരമാവധി പുതിയ മരുന്നുകൾ ആവശ്യപ്പെട്ട് സ്റ്റോക്കിലെടുക്കേണ്ടതുമാണ്.

## 1-36 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും മരുന്നുകൾ വിതരണം ചെയ്തു

പദ്ധതി നമ്പർ : 62

പദ്ധതിയുടെ പേര് : മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക : 3,50,000/- (മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക : 3,50,000/-

ബിൽ നമ്പർ :

1. 05/16.01.2020, തുക – 2,46,394/-

2. 09/16.01.2010, തുക- 1,03,606/-

നിർവ്വഹണം – വെറ്റിനറി സർജൻ

മേൽ വിവരിച്ച പദ്ധതിയിൽ സതേൺ ഡ്രഗ്ഗ് ഹൗസിൽ നിന്നും വാങ്ങിയ ചുവടെ വിവരിക്കുന്ന മരുന്നുകൾ അവയുടെ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ബാച്ച് നമ്പർ | കാലഹരണ തീയതി | വിതരണം ചെയ്ത തീയതി | ബിൽ നമ്പർ, തീയതി, തുക |
|---|---|---|---|---|---|
| 01 | MAMMICEF SUSPENSION 10 ML | X 18043 | 03/2020 | 09.07.2020 | C 1734, 12.11.2019, 2,05,525/- |
| 02 | PROSHE 450 ML | XLU030 | 10/2020 | 26.12.2020 | C 1734,12.11.2019, 2,05,525/- |
| 03 | ATROTAG INJ 1 ML | IAS 6091 | 09/2020 | 20.10.2020 | C 1734,12.11.2019, 2,05,525/- |

കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (64/ 2021, 23.12.2021 ) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകളുടെ വിതരണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പുലർത്തേണ്ടതും, കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യാതിരിക്കുന്നതിന് പരമാവധി പുതിയ മരുന്നുകൾ ആവശ്യപ്പെട്ട് സ്റ്റോക്കിലെടുക്കേണ്ടതുമാണ്.

## 1-37 കറവപ്പശുവിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കറവപശു വിതരണം (SCP) എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ അപാകതകൾ കണ്ടെത്തി.

പ്രോജക്ട് വിശദാംശം

പദ്ധതി നമ്പർ : 131/19-20

പദ്ധതിയുടെ പേര് : കറവപ്പശുവിതരണം ( എസ്.സി.പി.)

അടങ്കൽ തുക : 3,30,000/- (വികസനഫണ്ട് – SCP – 200000+ തനത് ഫണ്ട് - 10000 + ഗുണഭോക്തൃ വിഹിതം – 120000)

ചെലവ് തുക : 2,20,000/-

ബിൽ നമ്പർ, തീയതി : 08/:26.02.2020, 1,40,000/-

എ) പശുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല.

കറവപ്പശുക്കളെ ലഭിച്ച 4 ഗുണഭോക്താക്കളിൽ ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ പശുവിന് ഇൻഷ്വറൻസ് എടുത്തിട്ടില്ല.

1. കമല എ, തടത്തരികത്ത് വീട്, പൊന്നമ്പി, പാലാംകോണം വാർഡ് XIII

2. ലീല റ്റി, മാളു ഭവൻ, പാലാംകോണം വാർഡ് XIII

3.നിർമ്മല, പുല്ലുട്ടുകോണത്ത് വീട്, മുത്തി പാറ, പുല്ലമ്പാറ പി.ഒ.വാർഡ് IV

ഇൻഷ്വറൻസ് എടുക്കാതെ പശുക്കളെ വിതരണം ചെയ്തത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (62/2021, 23.12.2021) മറുപടി ലഭ്യമായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ട നടപടികൾ ഉടനടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി) കരാർ ലംഘനം.

നിർമ്മല, പുല്ലുട്ടുകോണത്ത് വീട്, മുത്തി പാറ, പുല്ലമ്പാറ പി.ഒ.വാർഡ് IV എന്ന ഗുണഭോക്താവ് പശുവിനെ വിറ്റതായി (23.12.2021-ന്) പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

കരാർ തീയതി മുതൽ മൂന്ന് വർഷത്തേക്ക് ഉരുക്കളെ കൈമാറ്റം ചെയ്യരുതെന്ന നിബന്ധന നിലനിൽക്കെ ഇങ്ങനെ സംഭവിച്ചത് കരാർ ലംഘനമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (62/2021, 23.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ലംഘിച്ച ഗുണഭോക്താവിനെ തുടർന്നുള്ള പദ്ധതിയിൽ നിന്ന് ഒഴിവാക്കേണ്ടതും പദ്ധതികൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് നിർവ്വണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-38 കറവപ്പശുവിതരണം (ജനറൽ)- കരാർ ലംഘനം

പദ്ധതി നമ്പർ : 129/19-20

പദ്ധതിയുടെ പേര് : കറവപ്പശുവിതരണം (ജനറൽ)

അടങ്കൽ തുക : 12,00,000/- (വികസനഫണ്ട് 600000 + ഗുണഭോക്തൃ വിഹിതം 600000)

ചെലവ് തുക : 8,50,000/-

ബിൽ നമ്പർ, തീയതി : 07/:26.02.2020, 4,25,000/-

മേൽ പദ്ധതി വഴി കറവപ്പശുക്കളെ ലഭിച്ച 17 ഗുണഭോക്താക്കളിൽ ചുവടെ വിവരിക്കുന്ന ആളുകൾ പശുക്കളെ വിറ്റതായി പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

1. അലിയാരു കുഞ്ഞ് എ, സുമയ്യാ മൻസിൽ, വാർഡ് VIII

2. മോളി ആർ, കുന്നംപുറത്ത് വീട്, മുക്കടിൽ, മുക്കടിൽ പി.ഒ വാർഡ് V

കരാർ തീയതി മുതൽ മൂന്ന് വർഷത്തേക്ക് ഉരുക്കളെ കൈമാറ്റം ചെയ്യരുതെന്ന നിബന്ധന നിലനിൽക്കെ ഇങ്ങനെ സംഭവിച്ചത് കരാർ ലംഘനമാണ്. കരാറിന് വിരുദ്ധമായി പശുക്കളെ കൈമാറ്റം ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ലംഘിച്ച ഗുണഭോക്താക്കളെ തുടർന്നുള്ള പദ്ധതികളിൽ നിന്ന് ഒഴിവാക്കേണ്ടതും പദ്ധതികൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-39 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് ധനസഹായം നൽകൽ |
| പദ്ധതി നമ്പർ | 169/20 |
| പദ്ധതി അടങ്കൽ | ആകെ 1,50,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | ആകെ 1,00,000 (വികസന ഫണ്ട്) |
| ബിൽ നം. | 7/20.08.2019 |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പദ്ധതിയുടെ ഭാഗമായി രണ്ട് കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി 50,000/- രൂപ വീതം ആകെ 1,00,000/- രൂപ നിർവ്വഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/21.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ പല തവണ ആവശ്യപ്പെട്ടിട്ടും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല എന്നറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്താൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 അങ്കണവാടി അനുപൂരക പോഷകാഹാരം സ്റ്റോക്കിലുള്ള പൊരുത്തക്കേടുകൾ

ഐസിഡിഎസ് സൂപ്പർവൈസർ പർച്ചേസ് ചെയ്ത് സ്റ്റോക്കിലെടുക്കുകയും അംഗനവാടികൾക്ക് വിതരണം ചെയ്തതുമായ ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അംഗനവാടി നമ്പർ | വിതരണമാസം/വർഷം | ഇനം | ഐസിഡിഎസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് |
|---|---|---|---|---|---|
| 1 | 49 | 04/19 | അമൃതം പൊടി | 30 Kg | 45 Kg |
| | | 04/19 | പരിപ്പ് | 3 Kg | - |
| | | 02/20 | ശർക്കര | 10 Kg | 12 Kg |

| | | | | | |
|---|---|---|---|---|---|
| 2 | 53 | 12/19 | അവൽ | 6 Kg | 5 Kg |
| | | 12/19 | സാമ്പാർ പൗഡർ | 3 കവർ | 2 കവർ |
| | | 02/20 | സാമ്പാർ പൗഡർ | 3 കവർ | - |
| 3 | 54 | 12/19 | സാമ്പാർ പൗഡർ | 8 കവർ | 6 കവർ |
| 4 | 56 | 12/19 | അരി | 30 Kg | 15 Kg |
| 5 | 71 | 04/19 | അമൃതം പൊടി | 30 Kg | 45 Kg |
| | | 06/19 | അമൃതം പൊടി | 54 Kg | 45 Kg |
| | | 06/19 | സാമ്പാർ പൗഡർ | 4 കവർ | 5 കവർ |
| | | 8/19 | അമൃതം പൊടി | 45 Kg | 48 Kg |
| | | 10/19 | അരി | 50 Kg | 40 Kg |
| | | 11/19 | അമൃതം പൊടി | 54 Kg | 69 Kg |
| | | 12/19 | അരി | 10 Kg | 12 Kg |
| | | 02/20 | ശർക്കര | 9 Kg | 10 Kg |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.59/22.12.2021 ന് ലഭ്യമാക്കിയ മറുപടി പൂർണമല്ല. സ്റ്റോക്കിലുള്ള എല്ലാ വ്യത്യാസങ്ങൾക്കും വിശദീകരണം നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശം ഗൗരവമായി കണ്ട് കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അംഗനവാടി മോണിട്ടറിംഗ് സമിതികൾ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി അംഗനവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നത് ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഗുണകരമാകും.

## 1-41 പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ച കാണുന്നില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2019-2020 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

5) 2019-20 വർഷം കൃഷി ഓഫീസർക്ക് അനുവദിച്ചതും തൻവർഷത്തെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതുമായ രസീത് ബുക്ക് നം. 51788 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അതിന്റെ ഉപയോഗം സംബന്ധിച്ച് പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

6) 2019-20 വർഷത്തെ ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.50/22.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനും, രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ഹരിതഭവനം പ്രോജക്ട് - തുക ക്രെഡിറ്റ് ചെയ്തത് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കല്ല - 5350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതഭവനം |
| പദ്ധതി നമ്പർ | 113/20 |
| പദ്ധതി അടങ്കൽ | 1,12,000 (വികസന ഫണ്ട്)<br>1,12,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1,39,840 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 76,961 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>10,318 (മറ്റുള്ളവ) |
| ബിൽ നം. | 10/18.03.20 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

ഷാജിലാബീവി, താന്നിവിള വീട്, മുക്കടിൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള ബാങ്ക് പാസ്ബുക്കിന്റെ കോപ്പി പ്രകാരം അക്കൗണ്ട് നം. 32177834925 ആണ്. എന്നാൽ ബിൽ പ്രകാരം ആനുകൂല്യ തുകയായ 5350/- രൂപ ക്രെഡിറ്റായിരിക്കുന്നത് 322801000001994 നം. അക്കൗണ്ടിലേക്കാണ്. തുക ലഭിച്ചിരിക്കുന്നത് ബന്ധപ്പെട്ട വ്യക്തിക്കു തന്നെയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ ഒന്നും തന്നെ പൂർണമല്ല. കൃഷിസ്ഥലം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒരു അപേക്ഷയിലും എഴുതിയിട്ടില്ല.

2. ചില അപേക്ഷകളിൽ അപേക്ഷകന്റെ ഒപ്പില്ല.

3. മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/22.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യ തുക ലഭിച്ചിരിക്കുന്നത് ഗുണഭോക്താവിന് തന്നെയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തി അർഹത കണക്കാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം അനുവദിക്കേണ്ടതുമാണ്.

## 1-43 ലഭ്യമാക്കിയിരിക്കുന്ന വസ്തുവിന്റെ കരം അടച്ച രസീത് ഗുണഭോക്താവിന്റെ പേരിലുള്ളതല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി |
| പദ്ധതി നമ്പർ | 99/20 |
| പദ്ധതി അടങ്കൽ | 1,00,000 (വികസന ഫണ്ട്)<br>17,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>17,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | 22,800 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 87,200 (വികസന ഫണ്ട്)<br>17,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>17,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയിരിക്കുന്ന കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ള വസ്തുവിന്റെയല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | ബിനുകുമാർ.ആർ, വട്ടവിളാകത്ത് വീട് |
| 2 | രവീന്ദ്രൻ നായർ.ഡി, ലളിതാ മന്ദിരം |
| 3 | ജി.ശശിധരൻ നായർ, തേക്കുംവിള വീട് |
| 4 | വിജയകുമാരൻ.കെ, മഹേഷ് ഭവൻ |
| 5 | ബി.സുരേന്ദ്രൻ, എസ്.എം.പി |
| 6 | ബാബു.കെ, കുളപ്പുറത്ത് വീട് |
| 7 | കുമാരി.എസ്, പുലിമുട്ടക്കോണത്ത് വീട് |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/22.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷ പൂർണമായും പരിശോധിച്ച് അർഹത നിർണയിക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-44 നേന്ത്രവാഴതൈ വിതരണം പദ്ധതി - നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | നേന്ത്രവാഴതൈ വിതരണം |
| പദ്ധതി നമ്പർ | 151/20 |
| പദ്ധതി അടങ്കൽ | 4,00,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 4,00,000 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

1. പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | വാർഡ് നം. | വിതരണം ചെയ്ത നേന്ത്രവാഴതൈകളുടെ എണ്ണം | അപാകത |
|---|---|---|---|---|
| 1 | ഷീനാറാണി, നന്ദനം | 1 | 120 | കരം അടച്ച രസീത് ഇല്ല. |
| 2 | നിശാദേവി.യു.പി, തിരുവാതിര | 4 | 20 | കരം അടച്ച രസീത് ഇല്ല. |
| 3 | ശ്രീലേഖ.എം, സതീഷ് ഭവൻ | 4 | 30 | അപേക്ഷ പൂർണമല്ല. |
| 4 | ചന്ദ്രലേഖ, എസ്.എൻ സദനം | 4 | 150 | അപേക്ഷ പൂർണമല്ല. |

| | | | | |
|---|---|---|---|---|
| 5 | ആരിഫാബീവി, ചരുവിള പുത്തൻവീട് | 8 | 60 | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 6 | റജീലാബീവി.എം, എം.എൻ.മൻസിൽ | 8 | 30 | അപേക്ഷ പൂർണമല്ല |
| 7 | മഞ്ജുഷ, മഞ്ജുഷാ ഭവൻ | 8 | 25 | അപേക്ഷ പൂർണമല്ല |
| 8 | സിന്ധുമോൾ.ബി, പടിഞ്ഞാറ്റേ നെടുവേലിപ്പാറ കളിവിള വീട് | 8 | 100 | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 9 | സന്ധ്യ, എസ്.എസ് ഭവൻ | 8 | 40 | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 10 | സിന്ധു, കോട്ടാനക്കുഴി പുത്തൻവീട് | 12 | 100 | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 11 | രജിത, പുലിമൂട്ട് കോണത്തിൽ വീട് | 4 | 40 | അപേക്ഷ പൂർണമല്ല |
| 12 | രഞ്ജു, വട്ടവിളാകത്ത് വീട് | 4 | 100 | അപേക്ഷ പൂർണമല്ല |
| 13 | ഇന്ദിര, പത്മവിലാസം | 4 | 120 | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 14 | ആരിഫാബീവി, നസീർ മൻസിൽ | 13 | 40 | കരം അടച്ച രസീത് ഇല്ല. |
| 15 | ഷൈനിമോൾ.ഡി.എൽ, വൈഷ്ണവം | 15 | 100 | കരം അടച്ച രസീത് ഇല്ല. |
| 16 | സഫീന, ഷാഹിന മൻസിൽ | 15 | 40 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 17 | ഷീജ, ഷബാന മൻസിൽ | 15 | 50 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 18 | ലൈല, അയക്കാട് ഹൗസ് | 15 | 50 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 19 | ആബിദാബീവി, ബിസ്മില്ല | 15 | 30 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 20 | സുബൈദ, ഷാദഹാൻ മൻസിൽ | 15 | 60 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 21 | നാസില, ഫൗസിയ മൻസിൽ | 15 | 125 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 22 | സിനിപ്രസാദ്, ഭവാനിഭവൻ | 15 | 30 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 23 | ഓമന, പണയിൽ വീട് | 15 | 25 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 24 | ശ്രീജ, ശ്രീജ മന്ദിരം | 15 | 40 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 25 | സുധീറാബീവി, കെ.കെ.ഹൗസ് | 15 | 40 | അപേക്ഷ മാത്രമാണ് ഉള്ളത് |
| 26 | ഗിരിജ, ഓലിക്കര | 15 | 120 | അപേക്ഷയില്ല |

2. വിതരണ രജിസ്റ്റർ പ്രകാരം ഒരേ വ്യക്തികൾക്ക് 2 തവണ തൈ വിതരണം ചെയ്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | വാർഡ് നം. | വിതരണം ചെയ്ത നേന്ത്രവാഴതൈകളുടെ എണ്ണം | | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| | | | 1 | 2 | | |
| 1 | ശ്യാമള അമ്മ, കോട്ടാനക്കുഴി | 12 | 170 | 150 | 320 | ഒന്നിൽ മാത്രമാണ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | ലീലാമണി, ഇരവികരിക്കകത്ത് വീട് | 4 | 100 | 120 | 220 | രണ്ടിലും രേഖപ്പെടുത്തിയിട്ടുള്ള ഒപ്പ് വ്യത്യസ്തമാണ്. |

| | | | | | | |
|---|---|---|---|---|---|---|
| 3 | സജിത, പുലിമൂട്ട് കോണത്ത് വീട് | 4 | 50 | 40 | 90 | രണ്ടിലും രേഖപ്പെടുത്തിയിട്ടുള്ള ഒപ്പ് വ്യത്യസ്തമാണ്. |
| 4 | രഞ്ജു, വട്ടവിളാകത്ത് വീട് | 4 | 60 | 100 | 160 | രണ്ടിലും രേഖപ്പെടുത്തിയിട്ടുള്ള ഒപ്പ് വ്യത്യസ്തമാണ്. |

3. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

വാർഡ് 8 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത നസീമാബീവി, മൈലക്കരയിൽ വീട് എന്നയാൾക്ക് 80 നേന്ത്രവാഴതൈ നൽകിയതായി വിതരണ രജിസ്റ്ററിൽ കാണുന്നു. അപേക്ഷ മാത്രമാണ് ഉള്ളത്. കരം അടച്ച രസീത് ഉൾപ്പെടെയുള്ള മറ്റ് രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.49/22.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ ഗുണഭോക്താവിന് രണ്ടു തവണ ആനുകൂല്യം നൽകിയതിനും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട ലഭിക്കുന്ന അപേക്ഷകളുടെയും അനുബന്ധ രേഖകളുടേയും സൂക്ഷ്മപരിശോധന നടത്താതെ ആനുകൂല്യം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്. പൂർണമായ അപേക്ഷകളും ബന്ധപ്പെട്ട അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ലൈഫ് ഭവന പദ്ധതി-ജനറൽ | 48714 | 2230305 | 1880000 | 399019 |
| | | ലൈഫ് ഭവന പദ്ധതി-എസ്,സി.പി | 290026 | 611179 | 600000 | 301205 |
| | | സ്നേഹസ്പർശം | 0 | 328875 | 262875 | 66000 |
| | | പച്ചക്കറി -കൂലിചെലവ് | 3400 | 0 | 0 | 3400 |
| | | സോളാർ വാലി | 0 | 700000 | 0 | 700000 |
| | | കേദാരം | 17850 | 0 | 0 | 17850 |
| | | ആകെ | 359990 | 3870359 | 2742875 | 1487474 |
| ജില്ലാ പഞ്ചായത്ത് | | കേദാരം | 17000 | 0 | 0 | 17000 |
| | | ഹരിതഭവനം | 18935 | 0 | 0 | 18935 |
| | | ലൈഫ് ഭവന പദ്ധതി-ജനറൽ | 113093 | 0 | 113093 | 0 |
| | | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 253595 | 0 | 233658 | 19937 |
| | | ജൈവസമൃദ്ധി | 3750 | 0 | 0 | 3750 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 406373 | 0 | 346751 | 59622 |

* 2019-20-ൽ ജില്ലാ പഞ്ചായത്ത് വിഹിതം നേരിട്ടാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിരിക്കുന്നത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

ജില്ലാ പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് -2322836 /-(RP 7)

| പദ്ധതിയുടെ നം/പേര് | അനുവദിച്ച തുക |
|---|---|
| 17/19-20 സ്നേഹസ്പർശം | 328875/- |
| 99/19-20 കേദാരം | 17000/- |
| 113/19-20 ഹരിതഭവനം | 76961/- |
| 205/19-20 ലൈഫ് ഭവനം(ജനറൽ) | 1900000/- |
| ആകെ | 2322836 |
| പഞ്ചായത്ത് മുഖാന്തിരമുള്ള ചെലവ് | 346751 |
| ആകെ | 2669587/- |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് -224668/-(RP 7)

| പദ്ധതിയുടെ നം/പേര് | അനുവദിച്ച തുക |
|---|---|
| 28/19-20 പാലിനു സബ്സിഡി | 184668 |
| 99/19-20 കേദാരം | 17000 |
| 18/19-20 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 23000 |
| ആകെ | 224668/- |
| പഞ്ചായത്ത് മുഖാന്തിരമുള്ള ചെലവ് | 2742875 |
| ആകെ | 2967543/- |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 18-19 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 19-20 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 406373 | 2322836 | 2729209 | 2669587 | 59622 | 59622 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 359990 | 4095027 | 4455017 | 2967543 | 1487474 | 1487474 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പുലയരുകുന്നു കോളനി പൈപ്പ് ലൈൻ നീട്ടൽ | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| | പേരുമല വട്ടപ്പാറ കോളനി പൈപ്പ് ലൈൻ നീട്ടൽ | 250000 | | |
| | അടപ്പുപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | പൈപ്പ് ലൈൻ കണക്ഷൻ വിവിധ അംഗൻവാടികൾ | 39689 | | |
| | കുളപ്പുറം മിച്ചഭൂമി കോളനി പൈപ്പ് ലൈൻ നീട്ടൽ | 195000 | | |
| | പാലാംകോണം കോളനി പൈപ്പ് ലൈൻ നീട്ടൽ | 180000 | | |
| | പന്തപ്ലാവിക്കോണം-വെള്ളാനിക്കര-പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | പന്തപ്ലാവിക്കോണം-കരിയ്ക്കകം-പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | മാമൂട്-കണിയാകരിക്കകം പൈപ്പ് ലൈൻ നീട്ടൽ | 400000 | | |
| | കുളപ്പാറ -പാണയം പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | ചക്കക്കാട്-ഓലിക്കര ഏര്യ പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| | മലവിള അംഗൻവാട് ഏര്യ-പൈപ്പ് ലൈൻ നീട്ടൽ | 28929 | | |
| | മലവിള അംഗൻവാട് ഏര്യ-പൈപ്പ് ലൈൻ നീട്ടൽ | 21071 | | |
| | ചക്കക്കാട്-ഓലിക്കര ഏര്യ-പൈപ്പ് ലൈൻ നീട്ടൽ | 50000 | | |
| | പുലയരു കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 300000 | | |

| | | | | |
|---|---|---|---|---|
| | ബാലൻ പച്ചകൊടി വിളാകം പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| | തേമ്പാംമൂട്-വാല്യപാറ പൈപ്പ് ലൈൻ നീട്ടൽ | 450000 | | |
| | ചക്കകാട്-എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | വാലിക്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 524750 | | |
| | വയ്യക്കാവ്-പാല്യവള്ളി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | ഇരവിക്കരിയ്ക്കകം കോളനി പൈപ്പ് ലൈൻ നീട്ടൽ | 179250 | | |
| | ധൂളിക്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 150000 | | |
| | വേങ്കോട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | വേങ്കമല-പ്ലാക്കാലക്കുഴി കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | തേവരുകുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | മാങ്കുഴി മേട്ടുവിള പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | തെള്ളിക്കച്ചാൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | ചുള്ളാളം അഞ്ചാംകല്ല് പരിയ്ക്കപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 500000 | | |
| | തലയിൽകുന്ന് -തുമ്പറ പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | കലുങ്കിൻമുഖം ചേറാട്ടുകുഴി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | ആനക്കുഴി കണ്ണേറ്റുമുക്ക് പൈപ്പ് | 100000 | | |

| | | | | |
|---|---|---|---|---|
| | ലൈൻ നീട്ടൽ | | | |
| | വന്ധ്യാരുകോണം വടയാനിക്കര പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| | പേരുമല കുഴിവിള പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| | പഴയപള്ളി ഒറ്റത്തെങ്ങ് പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | പേരുമല -ചങ്ങാരത്തോട് പൈപ്പ് ലൈൻ നീട്ടൽ | 400000 | | |
| | പള്ളിമുക്ക് മുണ്ടൽ തടിക്കാട് പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | ചലിപ്പൻക്കോണം ഏര്യ പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| | പാണയം പടിഞ്ഞാറേക്കോണം പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| | കാവതിയോട് ഈന്തിവിള പൈപ്പ് ലൈൻ നീട്ടൽ | 40000 | | |
| | വേങ്കമല എസ്.റ്റി കോളനി പൈപ്പ് ലൈൻ നീട്ടൽ | 127531 | | |
| | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 45094 | | |

നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | 18-19 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 12343531 | 45094 | 12388625 | 2838955 | 9549670 | 9549670 |
| GWD | 400000 | - | 400000 | 45100 | 354900 | 354900 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

2019-20 വർഷത്തിൽ HUDCO യിൽ നിന്നും ലോണായി 36340000/- രൂപ ലഭിച്ചിരിക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച് തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 275/2010 /27.01.2011 | 14856000 | 1231785 | 1231785* | | 0 |
| HUDCO | - | 66522402 | -- | -- | | 66522402 |

*RP 32 പ്രകാരം 1231875/-രൂപയാണ് അടവാക്കിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8668495.30 |
| ഓഡിറ്റ് വർഷത്തെ വരവ് | 127989271 |
| ആകെ | 136657766.30 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 125537916 |
| നീക്കിയിരിപ്പ് | 11119850.30 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 256550 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 151200 | ഡോ.ബൈജു.കെ, വെറ്റിനറി സർജൻ, |
| 1-39 | 100000 | ശ്രീമതി.മരിയ എം ബേബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-42 | 5350 | ഡോ.യമുന.എസ്, കൃഷി ഓഫീസർ |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ.ബൈജു.കെ, വെറ്റിനറി സർജൻ, | ലഭ്യമല്ല | ലഭ്യമല്ല |
| 2 | ശ്രീമതി.മരിയ എം ബേബി, ICDS സൂപ്പർവൈസർ | ലഭ്യമല്ല | ലഭ്യമല്ല |
| 3 | ഡോ.യമുന.എസ്, കൃഷി ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2.6.18 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1293/2018 തീയതി 3.7.18 |
| 2011-12 | " |
| 2012-13 | " |
| 2013-14 | " |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2 .6.18 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി 10 2137/2018 തീയതി 19.12.2016 |

| | |
|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1664/17 തീയതി 5.8.17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/488/19തീയതി 11-4-19 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1064/2020തീയതി 10/11/2020 |

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്